بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 5

ലക്കം 16

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഏപ്രിൽ 16/ഹി.ശം. 1399 ശഹാദത്ത് 16/1441 ശഅ്ബാൻ 22

## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اِنَّکَ مَنۡ تُدۡخِلِ النَّارَ فَقَدۡ اَخۡزَیۡتَہٗ ؕ وَمَا لِلظّٰلِمِیۡنَ مِنۡ اَنۡصَارٍ ۞ (آل عمران:193)

'ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളാരും ഇല്ലതന്നെ.' (3:193)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

എന്റെ മതമിതാണ്; ആദരണീയരായ സ്വഹാബത്തിന്റെ സംശുദ്ധമായ മാതൃകകളും മാറ്റങ്ങളും ജനങ്ങളെ അത്ഭുതപ്പെടുത്തിയതുപോലെ അമാനുഷികമായിട്ടുണ്ടായ അത്ഭുതങ്ങൾ അവരെ അത്ര സ്വാധീനിച്ചില്ല.

വലിയ വലിയ ദ്രോഹികൾ വന്ന് നബി(സ)തിരുമേനിയുടെ കൈയിൽ മാനസാന്തരപ്പെട്ടു. എന്തുകൊണ്ട്? സ്വഹാബത്തിലുണ്ടായ മഹത്തായ മാറ്റവും അവരുടെ വിശ്വാസത്തിന്റെ മാതൃകയും അവരെ ലജ്ജിതരാക്കിയിരുന്നു.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഒരാൾ തന്റെ സമസൃഷ്ടികളോടു സഹതാപം വികാരം കാണിക്കുന്നില്ലെങ്കിൽ അവൻ പിശുക്കനാണെന്നത് തീർച്ചയായ കാര്യമായിരിക്കും. നന്മയുടേയും സൽക്കർമത്തിന്റേയും ഒരു വഴി ഞാൻ കാണുകയാണെങ്കിൽ അത് ഉറക്കെ ഉറക്കെ ജനങ്ങളോടു പറയേണ്ടത് എന്റെ നിർബന്ധ കടമയാണ്; ആരെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന നോക്കേണ്ട കാര്യം എനിക്കില്ല. ജീവനുള്ള പ്രകൃതക്കാരനായ ഒരാളെങ്കിലും പുറത്തുവരികയാണെങ്കിൽ അത് മതിയായതാണ്. എന്തൊന്ന് ഞാൻ നിങ്ങളോടു പറയുന്നുവോ അത് പ്രതിഫലോദ്ദേശ്യത്തോടെ അല്ലെന്ന കാര്യം ഞാൻ പരസ്യമായി വിവരിക്കുകയാണ്. അതെനിക്ക് ചേർന്നതല്ല. ഞാനെന്റെ മനസ്സിൽ വളരെ ആവേശവും വേദനയും അനുഭവിക്കുന്നു; ഈ ആവേശത്തിന്റെ കാരണം അറിയില്ലെങ്കിൽത്തന്നെയും. എന്നാൽ, ഈ ആ വേശം അടങ്ങുകയില്ലെന്നതിൽ അല്പംപോലും സംശയമില്ല. അതുകൊണ്ട് നിങ്ങൾ ഇക്കാര്യങ്ങളെ, ഒരുപക്ഷേ, ഇനി ഇയാളെ കാണാൻ കഴിഞ്ഞില്ലെങ്കിലോ എന്നു കരുതുകയും ഇയാളുടെ വസ്വിയ്യത്താണെന്ന് മനസ്സിലാക്കുകയും ചെയ്ത് ഒരു മാതൃകയെന്നോണം അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. എന്നിൽനി ന്ന് ദൂരത്ത് കഴിയുന്നവർക്ക് നിങ്ങളുടെ വാക്കും പ്രവൃത്തിയുംകൊണ്ട് മനസ്സിലാക്കിക്കൊടുക്കുക. ഇക്കാര്യത്തിനല്ലെങ്കിൽ, കർമം ചെയ്യേണ്ട ആവശ്യമില്ലെങ്കിൽ ഇവിടെ വന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് എന്നോടു പറയുക. ഞാൻ രഹസ്യമായ പരിവർത്തനം ആഗ്രഹിക്കുന്നില്ല. ശത്രുക്കൾ കണ്ട് ലജ്ജിതരാകുംവിധം പ്രകടമായ പരിവർത്തനമാണ് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ മനസ്സുകളിൽ ഏകപക്ഷീയമായ വെളിച്ചം പതിയണം. വഴികേടിൽ വീണു കിടക്കുന്നതിൽ എതിരാളികൾ നിരാശരുമാകണം. വലിയ വലിയ ദ്രോഹികൾ വന്ന് നബി(സ)തിരുമേനിയുടെ കൈയിൽ മാനസാന്തരപ്പെട്ടു. എന്തുകൊണ്ട്? സ്വഹാബത്തിലുണ്ടായ മഹത്തായ മാറ്റവും അവരുടെ വിശ്വാസത്തിന്റെ മാതൃകയും അവരെ ലജ്ജിതരാക്കിയിരുന്നു.

### ഇക്‌രിമയുടെ സംശുദ്ധമായ മാതൃക

ഇക്‌രിമയുടെ അവസ്ഥ നിങ്ങൾ കേട്ടിട്ടുണ്ടാകും. ഉഹുദിലെ വിനാശത്തിന്റെ അടിസ്ഥാന കാരണക്കാരൻ ഇയാളായിരുന്നു. ഇയാളുടെ പിതാവായിരുന്നു അബൂജഹ്ൽ. പക്ഷേ, അവസാനം ആദരണീയരായ സ്വഹാബിത്തിന്റെ മാതൃകകൾ ഇയാളെ നാണം കെടുത്തി. എന്റെ മതമിതാണ്; ആദരണീയരായ സ്വഹാബത്തിന്റെ സംശുദ്ധമായ മാതൃകകളും മാറ്റങ്ങളും ജനങ്ങളെ അത്ഭുതപ്പെടുത്തിയതുപോലെ അമാനുഷികമായിട്ടുണ്ടായ അത്ഭുതങ്ങൾ അവരെ അത്ര സ്വാധീനിച്ചില്ല. തങ്ങളുടെ പിതൃസഹോദര പുത്രൻ എവിടെനിന്ന് എവിടെയെത്തി എന്നുകണ്ട് അവർ അത്ഭുതപ്പെട്ടുപോയി.!! അവസാനം അവർ തങ്ങളെ വഞ്ചിക്കപ്പെട്ടവരായി മനസ്സിലാക്കി. ഇക്‌രിമ ഒരിക്കൽ നബി(സ)തിരുമേനിയുടെമേൽ ആക്രമണം നടത്തിയിരുന്നു. മറ്റൊരു നേരത്ത് സത്യനിഷേധികളുടെ സൈന്യത്തെ തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ സ്വഹാബത്ത് കാണിച്ച പരിശുദ്ധമാതൃകകൾ ഇന്ന് നമുക്ക് അഭിമാനത്തോടുകൂടി പ്രമാണങ്ങളുടേയും അടയാളങ്ങളുടേയും രൂപത്തിൽ വിവരിക്കാൻ കഴിയുന്നതാണ്. ഇക്‌രിമയുടെതന്നെ മാതൃക നോക്കുക! അവിശ്വാസത്തിന്റെ നാളുകളിൽ ഉറച്ച അവിശ്വാസം! അഹങ്കാരം തുടങ്ങിയ ദുഃസ്വഭാവങ്ങൾ തന്റെ ഉള്ളിൽ വെച്ചിരുന്നു. കഴിയുമെങ്കിൽ ഇസ്‌ലാമിനെ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്നു. എന്നാൽ, അല്ലാഹുവിന്റെ കൃപാതിരേകം അയാളെ സംരക്ഷിക്കുകയും അയാൾ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തപ്പോൾ എത്തരത്തിലുള്ള സൽക്കർമങ്ങളാണ് ഉണ്ടായതെന്നാൽ, അഹങ്കാരത്തിന്റേയും അഹന്തയുടേയും പേരുപോലും ബാക്കിയായില്ല; വിനയവും എളിമയുമുണ്ടായി. അങ്ങനെ അയാൾ 'ഹുജ്ജത്തുൽ ഇസ്‌ലാം' ആയി. ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന് ഒരു തെളിവായി മാറി. ഒരു അവസരത്തിൽ അവിശ്വാസികളുമായി പോരാട്ടമുണ്ടായി. ഇക്‌രിമ ഇസ്‌ലാമിക സൈന്യത്തിന്റെ സേനാധിപനായിരുന്നു. അവിശ്വാസികൾ പൊരിഞ്ഞ പോരാട്ടമാണ് നടത്തിയത്. ഇസ്‌ലാമികസൈന്യം പരാജയപ്പെടുമെന്ന് ഘട്ടത്തിലേക്കു നീങ്ങി. ഇക്‌രിമ ഇതുകണ്ടപ്പോൾ കുതിരപ്പുറത്തുനിന്നിറങ്ങി. താങ്കൾ എന്തിനാണ് ഇറങ്ങിയതെന്ന് ആളുകൾ ചോദിച്ചു; ഇങ്ങോട്ടോ അങ്ങോട്ടോ നീങ്ങേണ്ടിവന്നാൽ കുതിര സഹായിക്കുമല്ലോ? അദ്ദേഹം പറഞ്ഞു: 'എനിക്കിപ്പോൾ അല്ലാഹുവിന്റെ ദൂതരുമായിപോരാടിയ ആ നേരം ഓർമവന്നു. ജീവൻകൊടുത്ത് പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നു.' നോക്കുക! എവിടെനിന്ന് എവിടം വരെ എത്തി അവസ്ഥ. ആവർത്തിച്ചാവർത്തിച്ച് സ്തുത്യർഹമായ ഗുണങ്ങൾകൊണ്ട് സ്മരിക്കപ്പെട്ടു. തങ്ങളുടെ ഉള്ളിൽ അല്ലാഹുവിന്റെ തൃപ്തി നിക്ഷേപിക്കുന്നവരുടെ കൂടെയാണ് അവന്റെ തൃപ്തി ഉണ്ടാകുന്നതെന്നോർക്കുക. അല്ലാഹു പലയിടത്തും അവരെ **റളിയല്ലാഹു അൻഹും** എന്ന് പറഞ്ഞു. ഈ ഉൽകൃഷ്ട സ്വഭാവം ഓരോരുത്തരും ആകർഷിച്ചെടുക്കുക എന്നതാണ് എന്റെ ഉപദേശം.

### ശരിയായ വിശ്വാസങ്ങളും ശരിയായ കർമങ്ങളും

ഇതിനു പുറമെ രണ്ടുഭാഗം വേറേയുമുണ്ട്. അത് മുന്നിൽ വെക്കുക എന്നതാണ് ആത്മാർഥനായ സത്യവാന്റെ ജോലി. അവയിലൊന്ന് ശരിയായ വിശ്വാസങ്ങളാണ്. അല്ലാഹു സമ്പൂർണവും തികവുറ്റതുമായ ശരിയായ വിശ്വാസങ്ങളുടെ വഴി നമുക്ക് അവന്റെ നബി(സ)മുഖേന പ്രയാസങ്ങളും അധ്വാനവുമൊന്നുംകൂടാതെ കാണിച്ചുതന്നുവെന്നത് അവന്റെ തികവാർന്ന കൃപയാണ്. ആ വഴി നിങ്ങൾക്ക് ഇക്കാലത്ത് കാണിക്കപ്പെട്ടു. ധാരാളം പണ്ഡിതന്മാർ ഇപ്പോഴും അതിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുകയാണ്. അതിനാൽ അല്ലാഹുവിന്റെ ഫള്ലിനും നിഅ്മത്തിനും നന്ദി കാണിക്കുക. സത്യഹൃദയത്തോടെ ആ സൽക്കർമങ്ങൾ അനുഷ്ഠിക്കുക എന്നതാണ് ആ നന്ദി; അത് ശരിയായ വിശ്വാസങ്ങൾക്കുശേഷം രണ്ടാമത്തെ ഭാഗത്ത് വരുന്നതാണ്. അല്ലാഹു ഈ ശരിയായ വിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുന്നതിനും സൽക്കർമം ചെയ്യാൻ തൗഫീഖ് നല്കുന്നതിനും തങ്ങളുടെ കർമപരമായ അവസ്ഥ പ്രയോജനപ്പെടുത്തി ദുആ ചെയ്യുക. ആരാധനയുടെ ഭാഗത്താണ് നോമ്പ്, നമസ്കാരം, സക്കാത്ത് തുടങ്ങിയവ വരുന്നത്. ഇനി നിങ്ങൾ സങ്കൽപിക്കുക, ഉദാഹരണത്തിന് നമസ്കാരംതന്നെ. ഇതു ലോകത്തുവന്നു. എന്നാൽ, ലോകത്തു നിന്നല്ല വന്നത്. നബി(സ)തിരുമേനി പറഞ്ഞു: *ഖുർറത്തു അയ്നീ ഫിസ്സ്വലാത്തി*

(മൽഫൂദാത്ത് വാള്യം 1, പേജ് 127-129, ഖാദിയാൻ 2018)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

ഈയിടെയായി പകർച്ചവ്യാധി പടർന്നുപിടിച്ചിരിക്കുന്ന കാരണത്താൽ ജമാഅത്തംഗങ്ങളോടു എനിക്കു പറയാനുള്ളത് വീടുകളിൽ ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപാടു ചെയ്യുക എന്നതാണ്. ജുമുഅയും വീട്ടിലെ അംഗങ്ങൾ ചേർന്ന് നിർവഹിക്കുക.

**ദുആകളിലേക്കും ശ്രദ്ധിക്കുക. ദുആകൾകൊണ്ട് അല്ലാഹുവിന്റെ കൃപാവരത്തെ നമുക്ക് ആകർഷിച്ചെടുക്കാൻ കഴിയും. ഏറ്റവും പ്രധാനപ്പെട്ട കാര്യം അല്ലാഹുവിനോടു പാപങ്ങൾക്ക് മാപ്പു തേടുക എന്നതാണ്. മനസ്സ് ശുദ്ധമാക്കി വെക്കുക. സൽക്കർമങ്ങളിൽ മുഴുകുക.**

**ഇങ്ങനെ ദുആ ചെയ്യുക. അല്ലാഹു അവന്റെ കൃപ ചൊരിയുമാറാകട്ടെ. അല്ലാഹു ഈ പകർച്ച വ്യാധിയിൽനിന്ന് ലോകത്തെ എത്രയുംവേഗം സംശുദ്ധമാക്കട്ടെ. മുഴുവൻ ലോകത്തേയും മനുഷ്യത്വത്തിന്റെ തേട്ടം പൂർത്തിയാക്കുന്നവരാക്കട്ടെ.**

**സയ്യിദുനാ അമീറുൽമുഅ്മിനീന്റെ പ്രത്യേക സന്ദേശം 2020 മാർച്ച് 27, ഇസ്‌ലാമാബാദ് (യു.കെ)**

തശഹ്ഹുദിനും തഅവ്വുദിനും ശേഷം അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: "ഇക്കാലത്ത് വൈറസിന്റെ പകർച്ച വ്യാധി പടർന്നുപിടിച്ചിരിക്കുന്നതിനാൽ ലോകത്ത് ധാരാളം ഭരണകൂടങ്ങൾ നിയന്ത്രണങ്ങൾ ഏർപെടുത്തിയിരിക്കുകയാണ്. ഇവിടെ ബ്രിട്ടൺ ഭരണകൂടവും നിയന്ത്രണങ്ങൾ ഏർപെടുത്തിയിട്ടുണ്ട്; മസ്ജിദുകളിൽ ജമാഅത്തായ നമസ്കാരം പാടില്ല. ഇനി നമസ്കരിക്കുകയാണെങ്കിൽത്തന്നെ രണ്ടോ അല്ലെങ്കിൽ വളരെ കുറച്ചുപേരോ മാത്രമെ പാടുള്ളൂ. അതിലധികം പാടില്ല. അതും അടുത്തുള്ളവരാകണം. ഇപ്പോൾ നിയമങ്ങൾ പൂർണമായും വ്യക്തമായിട്ടില്ല. ചിലർ ചിലതു പറയുന്നു, മറ്റുചിലർ വേറെ ചിലതു വിശദീകരിക്കുന്നു. എന്തായാലും ഈ അവസ്ഥകളിൽ ഔദ്യോഗികമായി കാര്യങ്ങൾ വ്യക്തമാകാത്തിടത്തോളം ജുമുഅ നിർവഹിക്കാൻ സാധിക്കുകയില്ല. കാരണം ജുമുഅയെ സംബന്ധിച്ചും ചില കാര്യങ്ങൾ വ്യക്തമാകേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഇന്ന് ഓഫീസിൽനിന്ന് ഖുത്ബയ്ക്കുപകരം ഒരു സന്ദേശത്തിന്റെ രൂപത്തിൽ നിങ്ങളുമായി സംവദിക്കാമെന്നും പതിവായിട്ടുള്ള ജുമുഅ നമസ്കരിക്കേണ്ടെന്നും തീരുമാനിച്ചു. ജുമുഅ ദിവസം കാലത്തിന്റെ ഖലീഫയുടെ ഖുത്ബ കേൾക്കുക എന്നത് ഇന്ന് ജനങ്ങളുടെ ശീലമായി കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഞാൻ ജമാഅത്താനെ സംബോധന ചെയ്തില്ലെങ്കിൽ ജനങ്ങൾക്ക് ചിലപ്പോൾ നിരാശ ഉണ്ടായേക്കാം. അതുകൊണ്ട് ഏതെങ്കിലും രീതിയിൽ ജമാഅത്തിനെ സംബോധന ചെയ്യുന്നത് നന്നായിരിക്കുമെന്ന് ഞാൻ കരുതി.

എന്തായാലും ഞാൻ പറഞ്ഞതുപോലെ ഇന്ന് നിങ്ങൾ ജുമുഅ നമസ്കരിക്കുകയില്ല. ഭാവിയിൽ എന്തു മാർഗം സ്വീകരിക്കണമെന്ന് ഇൻശാഅല്ലാഹ് പറയുന്നതായിരിക്കും. ദീർഘകാലം നമുക്ക് ജുമുഅ ഉപേക്ഷിക്കാനും കഴിയുകയില്ല. ജമാഅത്തുമായി ഞാൻ ബന്ധം വെക്കേണ്ടത് നിർബന്ധമാണ്; ഈയിടെയായി ഉണ്ടായിട്ടുള്ള അവസ്ഥകളിൽ പ്രത്യേകിച്ചും കൂടുതൽ ആവശ്യമാണ്. അതുകൊണ്ട് വക്കീലുമാരോടും ബന്ധപ്പെട്ട ആളുകളോടും ആരാഞ്ഞതിനുശേഷം ഇൻശാഅല്ലാഹ് അതിനു പരിഹാരം ഉണ്ടാക്കുന്നതാണ്. ജമാഅത്തംഗങ്ങളോടു എനിക്കു പറയാനുള്ളത് വീടുകളിൽ ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപാടു ചെയ്യുക എന്നതാണ്. ജുമുഅയും വീട്ടിലെ അംഗങ്ങൾ ചേർന്ന് നിർവഹിക്കുക. മൽഫൂദാത്ത്, ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ, അൽഫദ്ൽ, അൽഹക്കം, പത്രമാസികകൾ എന്നിവയിൽനിന്ന് ഏതെങ്കിലും ഉദ്ധരണി എടുത്തു ഖുത്ബ നിർവഹിക്കുക. പുരുഷനോ പ്രായപൂർത്തിയായ ആൺകുട്ടിയ്ക്കോ ജുമുഅ നമസ്കരിപ്പിക്കാവുന്നതാണ്. ജുമുഅകളെ ഏറെ നാൾ ഉപേക്ഷിക്കാൻ സാധിക്കുകയില്ല. വീടുകളിൽ ആളുകൾ ഖുത്ബ നമസ്കരിപ്പിക്കുമ്പോഴും ഖുത്ബയുടെ തയ്യാറെടുപ്പ് നടത്തുമ്പോഴും വായിക്കുമ്പോഴും അറിവ് വർധിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ സർക്കാറിന്റെ നിയന്ത്രണങ്ങൾ പാലിക്കുന്നതുകൊണ്ട് വീട്ടിൽ ഇരിക്കുക എന്നതും ഭൗതികവും ആത്മീയവുമായ നേട്ടത്തിന് നിമിത്തമാകുന്നതാണ്. വൈജ്ഞാനിക നേട്ടത്തിന് കാരണമാകുകയും ചെയ്യും. എന്നല്ല അൽഹക്കം ഈയിടെയായി വായനക്കാരുടെ അഭിപ്രായങ്ങൾ പ്രസിദ്ധീകരിക്കുന്ന പംക്തി ആരംഭിച്ചിട്ടുണ്ട്. നിയന്ത്രണങ്ങൾ കാരണത്താൽ വീട്ടിലിരുന്ന് എങ്ങനെ സമയം ചെലവഴിക്കുന്നു തുടങ്ങിയ കാരണങ്ങളാണ് അവർ അതിൽ പങ്കുവെക്കുന്നത്. വിശുദ്ധ ഖുർആൻ, ഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ, ജമാഅത്തിന്റെ സാഹിത്യങ്ങൾ തുടങ്ങിയവ തങ്ങളുടെ അറിവിൽ വർധന ഉണ്ടാക്കുന്നുവെന്നാണ് അതിലധികപേരും എഴുതുന്നത്. ഈയിടെയായി ഭൗതിക സൈറ്റുകളിലും ചർച്ചകൾ നടന്നുവരുന്നുണ്ട്. ഇക്കാരണത്താൽ അവർക്കും തങ്ങളുടെ ഗൃഹജീവിതത്തിന്റെ അവസ്ഥകൾ മെച്ചപ്പെടുത്താൻ സൗഭാഗ്യം കിട്ടിക്കൊണ്ടിരിക്കുന്നു; തങ്ങളുടെ ജീവിതം തിരിച്ചുകൊണ്ടുവരാൻ അവസരം കിട്ടിയിരിക്കുന്നു. അതുകൊണ്ട് നമ്മളും നമ്മുടെ ഗൃഹജീവിതത്തെ സുവർണമാക്കിയും കുട്ടികൾക്ക് തർബിയ്യത്ത് നല്കിയും സമയം ചെലവഴിക്കാൻ ശ്രമിക്കേണ്ടതാണ്. എം.ടി.എ.യിൽ നല്ല പരിപാടികൾ വരുന്നുണ്ട്. കുറച്ചു സമയം ഈ പരിപാടികളും ഒന്നിച്ചിരുന്ന് കാണാൻ ശ്രമിക്കേണ്ടതാണ്. ഇതിനുപുറമെ സർക്കാർ പൊതുനന്മയ്ക്കു വേണ്ടി മുമ്പേയും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ നിങ്ങളുടെ ആരോഗ്യം നിലനിറുത്തുന്നതിനുവേണ്ടി നല്കിയിട്ടുള്ള മാർഗനിർദേശങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്. എല്ലാത്തിനെക്കാളുമുപരി കഴിഞ്ഞ ഖുത്ബയിൽ ഞാൻ പറഞ്ഞതുപോലെ ദുആകളിലേക്കും ശ്രദ്ധിക്കുക. ദുആകൾകൊണ്ട് അല്ലാഹുവിന്റെ കൃപാവരത്തെ നമുക്ക് ആകർഷിച്ചെടുക്കാൻ കഴിയും. നമ്മുടെ ആത്മീയവും ഭൗതികവുമായ അവസ്ഥ ആരോഗ്യകരമാക്കാൻ കഴിയും. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളോടു ആവർത്തിച്ച് ഉപദേശിച്ചിട്ടുള്ളതും. ഇത്തരത്തിലുള്ള അവസ്ഥകളുണ്ടായപ്പോഴെല്ലാം ഇതേ ഉപദേശമാണ് നല്കിയത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം അല്ലാഹുവിനോടു പാപങ്ങൾക്ക് മാപ്പു തേടുക എന്നതാണ്. മനസ്സ് ശുദ്ധമാക്കി വെക്കുക. സൽക്കർമങ്ങളിൽ മുഴുകുക. ദുആകളുടെ വമ്പിച്ചൊരു ആയുധമാണ് അല്ലാഹു നമുക്ക് നല്കിയിട്ടുള്ളത്. അതുമുഖേന അല്ലാഹുവിന്റെ അഭയത്തിൽ വരാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ജുമുഅ ഒഴിവാക്കുന്നതിനെകുറിച്ച് പറയുമ്പോൾ ചില അവസ്ഥകളിൽ ജമാഅത്തായ നമസ്കാരവും ജുമുഅയും ഒഴിവാക്കാവുന്നതാണെന്ന് ചില ഹദീഥുകളിലും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് ബുഖാരിയിലെ ഒരു ഹദീഥാണ്. ഹദ്റത്ത് ഇബ്നു

(ശേഷം പേജ് 8ൽ)

## ഹദീഥുന്നബവി (സ):

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതുകൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.' (തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

# ഖുത്ബ ജുമുഅ

ആരെങ്കിലും ഏതെങ്കിലും ശഹീദ് നടക്കുന്നത് കാണാൻ ആഗ്രഹിക്കുന്നെങ്കിൽ
അയാൾ ത്വൽഹ ബിൻ ഉബയ്ദുല്ലായെ നോക്കട്ടെ.'

നബി(സ)തിരുമേനിയിൽനിന്ന് ഫയ്യാള്(വലിയദാനശീലൻ)എന്ന സ്ഥാനപ്പേര് പ്രാപിച്ച, സ്വർഗം ലഭിക്കുമെന്ന് തന്റെ ജീവിതത്തിൽ സുവാർത്ത അറിയിക്കപ്പെട്ട, ഉഹുദ് യുദ്ധത്തിന്നിടയിൽ സംരക്ഷണത്തിനുവേണ്ടി തന്റെ കൈ തളർത്തിക്കളയാൻ സൗഭാഗ്യം നേടിയ, മൻ ഖളാ നഹ്ബഹൂ എന്നതിന്റെ സാക്ഷാത്കാരമായ, ഹദ്റത്ത് ഉമർ(റ) രൂപീകരിച്ച ആറംഗ ശൂറാ കമ്മിറ്റിയിലെ അംഗമായ ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ ബദ്രി സ്വഹാബി ഹദ്റത്ത് ത്വൽഹാ ബിൻ ഉബയ്ദുല്ലായുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിവരണം.

കൊറോണ വൈറസുകൊണ്ട് പടർന്നുപിടിച്ചിട്ടുള്ള പകർച്ചവ്യാധിയിൽനിന്ന് സ്വയം രക്ഷിക്കുന്നതിനും മറ്റുള്ളവരെ രക്ഷിപ്പിക്കുന്നതിനുമുള്ള സംരക്ഷണമാർഗങ്ങൾ സ്വീകരിക്കുകയും പ്രാർഥനകളിലേക്ക് ശ്രദ്ധിക്കുകയും ചെയ്യാനുള്ള ഉപദേശം.

**ഖുത്ബ ജുമുഅ 2020 മാർച്ച് 13/1399 അമാൻ 13,**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ(സർറെ) യു,കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് വിവരിക്കാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് എന്നാണ്. ഹദ്റത്ത് ത്വൽഹായുടെ ബന്ധം ബനൂ തയ്മു ബിൻ മുർറയുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഉബയ്ദുല്ലാഹ് ബിൻ ഉഥ്മാനെന്നും മാതാവിന്റെ പേര് സ്വഅ്ബ എന്നുമായിരുന്നു. അവർ അബ്ദുല്ലാഹ് ബിൻ യിമാദ് ഹള്റമിയുടെ മകളും ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ സഹോദരിയുമായിരുന്നു. ഹദ്റത്ത് ത്വൽഹായുടെ സംജ്ഞാനാമം അബൂ മുഹമ്മദ് എന്നായിരുന്നു. ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ യിമാദ് ഹള്റമി എന്നായിരുന്നു. ഹദ്റത്ത് അലായുടെ ബന്ധം ഹള്ർമൗത്ത് എന്ന സ്ഥലവുമായിട്ടായിരുന്നു. ഹർബ് ബിൻ ഉമയ്യായുടെ സഖ്യകക്ഷിയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തെ ബഹ്റയ്നിലെ ഭരണാധികാരിയാക്കിയിരുന്നു. അദ്ദേഹം വഫാത്തായത് ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹിജ്റ 14 ൽ ആയിരുന്നു. അദ്ദേഹത്തിന്റെ ഒരു സഹോദരൻ ആമിർ ബിൻ ഹള്റമി ബദ്ർ ദിവസം അവിശ്വാസിയുടെ അവസ്ഥയിൽ വധിക്കപ്പെട്ടു. രണ്ടാമത്തെ സഹോദരൻ അംറ് ബിൻ ഹള്റമി ഒരു മുസ്ലിമിനാൽ വധിക്കപ്പെട്ട മുശ്രിക്കീങ്ങളിലെ ആദ്യത്തെ വ്യക്തിയായിരുന്നു. അഞ്ചിലൊരു ഭാഗമെന്ന നി ലയിൽ ഇസ്ലാമിൽ ആദ്യമായി വന്നത് അയാളുടെ ധനമായിരുന്നു. (അത്ത്വബഖാത്തുൽ ഖുബ്റാ വാള്യം 3, പേജ് 160, വമിൻ ബനീതയ്മും ബിൻ മുർറ ത്വൽഹാ ബിൻ ഉബയ്ദുല്ലാഹ് പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(ഉസുദുൽഗാബ വാള്യം 4, പേജ് 71, അൽ അലാഅ് ബിൻ അൽഹള്റമി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008)

വംശപരമ്പരയിൽ ഹദ്റത്ത് ത്വൽഹയുടെ ഏഴാമത്തെ തലമുറ മുർറ ബിൻ കഅ്ബ് എന്നയാളിൽ ചെന്ന് നബി(സ)തിരുമേനിയോടും നാലാമത്തെ തലമുറ ഹദ്റത്ത് അബൂബക്കറിനോടും ചേരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഉബയ്ദുല്ലാഹ് ഇസ്ലാമിക കാലഘട്ടം പ്രാപിച്ചിരുന്നില്ല. എന്നാൽ, മാതാവ് ദീർഘായുസ്സ് പ്രാപിച്ചു. നബി (സ)തിരുമേനിയിൽ വിശ്വസിച്ചുകൊണ്ട് അവർക്ക് സ്ത്രീസ്വഹാബാക്കളിൽ ഉൾപ്പെടാനുള്ള സൗഭാഗ്യം ലഭിച്ചു. ഹിജ്റത്തിനുമുമ്പേ അവർ ഇസ്ലാം സ്വീകരിച്ചിരുന്നു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 128)

ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്(റ)ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. എന്നിരുന്നാലും നബി(സ)തിരുമേനി അദ്ദേഹത്തിനു യുദ്ധമുതലിൽനിന്ന് വിഹിതം നല്കുകയുണ്ടായി. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാനുള്ള കാരണം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനി ഖുറയ്ശികളുടെ സഞ്ചാരിസംഘം സിറിയദേശത്തുനിന്ന് പുറപ്പെടുന്നതിന് ഉദ്ദേശിച്ചപ്പോൾ നബി(സ)തിരുമേനി തന്റെ പുറപ്പെടലിന് പത്തു ദിവസം മുമ്പേ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായേയും ഹദ്റത്ത് സയീദ് ബിൻ സഅ്ദിനേയും സഞ്ചാരിസംഘത്തിന്റെ വിവരം അറിയുന്നതിന് അയച്ചു. ഇരുവരും പുറപ്പെട്ട് ഹൗറാഅ് എന്ന സ്ഥലത്തെത്തി. അവർ സഞ്ചാരിസംഘം കടന്നുപോകുന്നതുവരെ അവിടെ നിന്നു. ഹൗറാഅ് ചെങ്കടൽ തീരത്തുള്ള ഒരു താമസസ്ഥലമാണ്. ഹിജാസിന്റേയും സിറിയയുടേയും ഇടയിലൂടെ പോകുന്ന സഞ്ചാരിസംഘം ഇതിലൂടെയാണ് കടന്നുപോയിരുന്നത്. എന്തായാലും നബി(സ) തിരുമേനിക്ക് ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സയീദും മടങ്ങി വരുന്നതിനുമുമ്പേതന്നെ ഈ വിവരം മനസ്സിലായി. അവിടന്ന് തന്റെ സ്വഹാബത്തിനെ വിളിക്കുകയും ഖുറയ്ശി സംഘത്തിന്റെ പിന്നാലെ എന്ന നിലയിൽ പുറപ്പെടുകയും ചെയ്തു. എന്നാൽ, ഖുറയ്ശി സംഘം മറ്റൊരു വഴിയിലൂടെ അതായത് കടൽത്തീര വഴിയിലൂടെ അതിവേഗം പൊയ്ക്കളഞ്ഞു. ഇത് മുമ്പേയും ഒരിടത്ത് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. സഞ്ചാരിസംഘം തങ്ങളെ തിരയുന്നവരിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി രാപ്പകൽ നടന്നുകൊണ്ടിരുന്നു. അവിശ്വാസികളുടെ ഈ സഞ്ചാരിസംഘം മക്കക്കാരുടേതായിരുന്നു. ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായും ഹദ്റത്ത് സയീദ് ബിൻ സയ്ദും നബി(സ)തിരുമേനിക്ക് വിവരം നല്കുന്നതിനുവേണ്ടി മദീനയിലേക്ക് പുറപ്പെട്ടു. നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിനു പുറപ്പെട്ടിരിക്കുന്നുവെന്ന വിവരം അവരിരുവരും അറിഞ്ഞിരുന്നില്ല. നബി(സ)തിരുമേനി ബദ്റിൽ ഖുറയ്ശി സൈന്യത്തോടു യുദ്ധം ചെയ്യുന്ന ദിവസമാണ് അവരിരുവരും മദീനയിലെത്തിയത്. അവരിരുവരും നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരാകുന്നതിന് മദീനയിൽനിന്ന് പുറപ്പെട്ടു. ബദ്റിൽനിന്നു തിരിച്ചുവരുമ്പോൾ തുർബാൻ എന്ന സ്ഥലത്ത് നബി(സ)തിരുമേനിയെ അവർ കണ്ടുമുട്ടി. മദീനയിൽനിന്ന് 19 മൈൽ അകലെയുള്ള ഒരു താഴ്വരയാണ് തുർബാൻ. അവിടെ സ്വാദിഷ്ടമായ ജലമുള്ള ധാരാളം കിണറുകളുണ്ട്. ബദ്ർ യുദ്ധത്തിന് പോകുന്ന വഴിക്ക് നബി(സ)തിരുമേനി ഇവിടെ താമസിച്ചു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സയീദും യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. എന്നാൽ, നബി(സ)തിരുമേനി ബദ്റിൽ ലഭിച്ച യുദ്ധ മുതലിൽനിന്ന് അവരിരുവർക്കും വിഹിതം നല്കി; മുമ്പേ പറഞ്ഞതുപോലെ. അവരിരുവരും ബദ്റിൽ പങ്കെടുത്തവരെപ്പോലെ കരുതപ്പെട്ടു. (അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 162, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അസ്സീറത്തുന്നബ്വിയ്യ ഫീ ഊഇൽ ഖുർആൻ വസ്സുന്ന വാള്യം 2, പേജ് 123, പ്രസാധകർ ദാറുൽഖലം ദിമശ്ഖ്)(ഫർഹങ്കെ സീറത്ത്, സയ്യിദ് ഫള്ലുർറഹ്മാൻ, പേജ് 75, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി, 2003)

ഹദ്റത്ത് ത്വൽഹ ഉഹുദ് യുദ്ധത്തിലും അതുപോലെ മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. ഹുദയ്ബിയ്യാ സന്ധിയുടെ അവസരത്തിലുമുണ്ടായിരുന്നു. നബി(സ)തിരുമേനി പത്തു പേർക്ക് അവരുടെ ജീവിത കാലയളവിൽത്തന്നെ സ്വർഗത്തെ കുറിച്ച് സുവിശേഷ വാർത്ത നല്കിയിരുന്നു. അവരിൽ അദ്ദേഹവും ഉൾപ്പെടുന്നു. ആദ്യമായി ഇസ്ലാം സ്വീകരിച്ച

എട്ട് പേരിലും ഹദ്റത്ത് അബൂബക്കർ മുഖേന ഇസ്‌ലാം സ്വീകരിച്ച അഞ്ചു പേരിലും ഹദ്റത്ത് ഉമർ സ്ഥാപിച്ച ശൂറ കമ്മിറ്റിയിലെ ആറ് അംഗങ്ങളിലും അദ്ദേഹം ഉൾപ്പെടുന്നു. വഫാത്തിന്റെ നേരത്ത് നബി(സ)തിരുമേനി ഈ ആളുകളിൽ സംപ്രീതനായിരുന്നു.(അൽഇസ്തീയാബ് ഫീ മഅ്രിഫത്തി അൽഅസ്ഹാബ്, ഭാഗം 2, പേജ് 317, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)(അൽഇസ്വാബ, വാള്യം 3, പേജ് 430, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 1995)

യസീദ് ബിൻ റൂമാൻ നിവേദനം: ഒരിക്കൽ ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായും ഹദ്റത്ത് സുബയ്ർ ബിൻ അവാമിന്റെ പിന്നാലെ പുറപ്പെട്ടു. നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായിപ്പോൾ അവിടന്ന് അവരുടെ മുമ്പിൽ ഇസ്‌ലാമിന്റെ സന്ദേശം അവതരിപ്പിച്ചു. അവരിരുവർക്കും വിശുദ്ധ ഖുർആൻ ഓതിക്കേൾപ്പിച്ചു. ഇസ്‌ലാമിലെ കടമകളെ കുറിച്ചും പറഞ്ഞുകൊടുത്തു. അല്ലാഹുവിൽനിന്ന് ലഭിക്കുന്ന ശ്രേഷ്ഠതയെ കുറിച്ച് അവരോടു വാഗ്ദാനം ചെയ്തു. അപ്പോൾ അവരിരുവരും അതായത് ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് ത്വൽഹയും ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് അങ്ങയെ സത്യപ്പെടുത്തി. ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ അടുത്താണ് സിറിയയിൽനിന്ന് മടങ്ങിയെത്തിയത്. തിരിച്ചു മആനിൽ എത്തിയപ്പോൾ, ഇതും സ്ഥലത്തിന്റെ പേരാണ്. ഇത് മുഅത്താ എന്ന സ്ഥലത്തിനു മുമ്പേയുള്ള സ്ഥലമാണ്. മുഅത്ത യുദ്ധത്തിന്റെ അവസരത്തിൽ ഇവിടെയെത്തിയപ്പോഴാണ് മുസ്‌ലിമീങ്ങൾക്കു മനസ്സിലായത് റോമക്കാരുടെ രണ്ടുലക്ഷം പേരടങ്ങുന്ന സൈന്യം മുസ്‌ലിമീങ്ങളെ നേരിടാൻ തയ്യാറായിരിക്കുന്നുവെന്ന്. അപ്പോൾ സ്വഹാബത്ത് രണ്ടുദിവസം ഇവിടെ താമസിച്ചിരുന്നു. എന്തായാലും ഇദ്ദേഹം പറയുന്നു, തിരിച്ചു ഞാൻ മആൻ എന്ന സ്ഥലത്തിനും സർഖാഅ് എന്ന സ്ഥലത്തിനും ഇടയിലെത്തിയപ്പോൾ നമ്മുടെ താവളം അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ ഉറങ്ങുകയായിരുന്നു. വിളിച്ചു പറയുന്ന ഒരാൾ വിളംബരം ചെയ്തു: ഉറങ്ങുന്നവരേ! എഴുന്നേൽക്കുക. അഹ്മദ് (സ) മക്കയിൽ വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു.' പിന്നീട് ഞങ്ങൾ അവിടെനിന്ന് തിരിച്ചെത്തിയപ്പോൾ അങ്ങയെ കുറിച്ച് കേട്ടു.(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 40, ഉഥ്മാൻ ബിൻ അഫ്ഫാൻ, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2012)(ഫർഹങ്കെ സീറത്ത്, സയ്യിദ് ഫള്ലുർറഹ്മാൻ, പേജ് 279, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി, 2003)(മുഅ്ജമുൽ ബുൽദാൻ , വാള്യം 3, പേജ് 173, അസ്സുർഖാഉൽ മക്തബത്തിൽ അസ്രിയ്യ, ബേറൂത്ത 2014)

ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് വിവരിക്കുന്നു: 'ഞാൻ ബുസ്വറായുടെ(സിറിയ ദേശത്തിലെ വലിയൊരു നഗരമാണ്. നബി(സ)തിരുമേനി തന്റെ പിതൃസഹോദരനോടൊപ്പം കച്ചവട സംബന്ധമായ യാത്രക്കിടയിൽ ഈനഗരത്തിൽ താമസിച്ചിരുന്നു. ഇദ്ദേഹം പറയുന്നു:) ഞാൻ ബുസ്വറായുടെ അങ്ങാടിയിൽ ഉണ്ടായിരുന്ന സന്ദർഭത്തിൽ ഒരു യഹൂദ പുരോഹിതൻ, തന്റെ സിനഗോഗ് അതായത് ജൂതദേവാലയത്തിൽ നിന്നുകൊണ്ട് ഇങ്ങനെ പറയുന്നുണ്ടായിരുന്നു: 'യാത്രാസംഘത്തിനോടു ചോദിക്കുക, അവരിൽ ഹറമിൽനിന്ന് വന്ന വല്ലവരുമുണ്ടോ?' ഞാൻ പറഞ്ഞു: 'അതെ ഞാനുണ്ട്.' അയാൾ ചോദിച്ചു: 'അഹ്മദ് വെളിപ്പെട്ടുവോ?' അപ്പോൾ ഹദ്റത്ത് തൽഹ അദ്ദേഹത്തോടു ചോദിച്ചു: 'ഏത് അഹ്മദ്?' അയാൾ പറഞ്ഞു: 'അബ്ദുല്ലാഹ് ബിൻ മുത്ത്വലിബിന്റെ മകൻ! അദ്ദേഹം അവതരിക്കുന്ന മാസം ഇതാണ്. അദ്ദേഹം അവസാന നബിയായിരിക്കും. അദ്ദേഹം അവതരിക്കുന്ന സ്ഥലം ഹറമായിരിക്കും. അദ്ദേഹം ഹിജ്റത്ത് ചെയ്യുന്നത് ഈന്തപ്പനത്തോട്ടങ്ങളും പാറകളുമുള്ള സ്ഥലമായിരിക്കും. നിങ്ങൾ അദ്ദേഹത്തെ ഉപേക്ഷിച്ചേക്കരുത്.' ഹദ്റത്ത് ത്വൽഹ(റ) പറയുന്നു: 'അയാളുടെ വാക്കുകൾ എന്റെ ഹൃദയത്തിൽ കുടിയിരുന്നു. ഞാൻ ദ്രുതഗതിയിൽ മക്കയിൽ തിരിച്ചെത്തി. പുതിയ സംഭവവികാസങ്ങളെ കുറിച്ച് അന്വേഷിച്ചു.' ആളുകൾ പറഞ്ഞു: 'അൽഅമീനായ മുഹമ്മദ് ബിൻ അബ്ദുല്ലാഹ് നുബുവ്വത്ത് വാദിച്ചിരിക്കുന്നു. ഇബ്നു അബീ ഖുഹാഫ (ഹദ്റത്ത് അബൂബക്കറിന്റെ സംജ്ഞാനാമമായിരുന്നു ഇത്) അദ്ദേഹത്തെ പിൻപറ്റിയിരിക്കുന്നു.' പറയുന്നു: 'ഞാൻ ഹദ്റത്ത് അബൂബക്കറിന്റെ അടുക്കലേക്കുപോയി. താങ്കൾ അദ്ദേഹത്തെ വിശ്വസിച്ചുവോ എന്ന് ചോദിച്ചു. വിശ്വസിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. താങ്കളും അദ്ദേഹത്തിന്റെ അടുത്തു പോകുകയും അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുക. കാരണം അദ്ദേഹം സത്യത്തിലേക്ക് വിളിക്കുന്നു.' ഹദ്റത്ത് അബൂബക്കറിനോട് ഹദ്റത്ത് ത്വൽഹ, ജൂതപുരോഹിതൻ സമസാരിച്ചത് പറഞ്ഞു. ഹദ്റത്ത് അബൂബക്കർ ഹദ്റത്ത് ത്വൽഹയേയുംകൂട്ടി പുറപ്പെട്ടു. നബി(സ)തിരുമേനിയുടെ സന്നിധിയിൽ അദ്ദേഹത്തെ ഹാജരാക്കി. ഹദ്റത്ത് ത്വൽഹ(റ) ഇസ്‌ലാം സ്വീകരിച്ചു. ആ യഹൂദ പുരോഹിതൻ പറഞ്ഞ കാര്യം നബി(സ) തിരുമേനിയോടും പറഞ്ഞു. നബി(സ)തിരുമേനി അതുകേട്ട് സന്തോഷിച്ചു.(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 161, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഒരു ചരിത്ര ഗ്രന്ഥമായ ത്വബഖാത്തുൽ കുബ്റായിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. ഹദ്റത്ത് ത്വൽഹ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നൗഫൽ ബിൻ ഖുവയ്‌ലിദ് ബിൻ അദവിയ്യ അദ്ദേഹത്തേയും ഹദ്റത്ത് അബൂബക്കറിനെയും ഒരു കയർകൊണ്ട് ബന്ധിച്ചു. അതിനാൽ അദ്ദേഹത്തേയും ഹദ്റത്ത് അബൂബക്കറിനെയും 'ഖരീനയ്ൻ' അഥവാ രണ്ടു കൂട്ടുകാർ എന്നും വിളിക്കപ്പെട്ടിരുന്നു. തന്റെ കാഠിന്യം കാരണത്താൽ നൗഫൽ ഖുറയ്ശികളിൽ പ്രസിദ്ധനായിരുന്നു. അവരെ ബന്ധിച്ചവരിൽ ഹദ്റത്ത് ത്വൽഹയുടെ സഹോദരൻ ഉഥ്മാൻ ബിൻ ഉബയ്ദുല്ലായും ഉണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ സന്നിധിയിൽ എത്താതിരിക്കാനും ഇസ്‌ലാമിൽനിന്ന് പിന്മാറാനും വേണ്ടിയായിരുന്നു കെട്ടിയിട്ടത്. 'അല്ലാഹുവേ! അദ്‌വിയ്യായുടെ ഉപദ്രവത്തിൽനിന്ന് നീ അവരെ രക്ഷിക്കേണമേ എന്ന് നബി (സ)തിരുമേനി ദുആ ചെയ്തിരുന്നുവെന്ന് ഇമാം ബയ്ഹഖി എഴുതിയിരിക്കുന്നു.'(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2 പേജ് 129–130)

ഹദ്റത്ത് മസ്ഊദ് ബിൻ ഖർറാശിൽനിന്ന് നിവേദനം: ഒരു ദിവസം ഞാൻ സ്വഫാ മർവാ കുന്നുകൾക്കിടയിൽ ഓടുകയായിരുന്നു. ധാരാളമാളുകൾ ഒരു യുവാവിനെ പിന്തുടർന്നുകൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. അയാളുടെ കൈ കഴുത്തുമായി ബന്ധിച്ചിരുന്നു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് നിർമതനായിരക്കുന്നുവെന്ന് ആളുകൾ പറഞ്ഞു. അദ്ദേഹത്തിന്റെ മാതാവ് സ്വഅ്ബ അദ്ദേഹത്തിന്റെ പിന്നാലെ ദ്വേഷത്തിൽ ചീത്തകൾ വിളിച്ച് പോകുകയായിരുന്നു.(അത്താരീഖുസ്സഗീർ ലി ഇമാം ബുഖാരി വാള്യം 1, പേജ് 113, ദാറുൽമആരിഫ ബേറൂത്ത്)

അബ്ദുല്ലാഹ് ബിൻ സഅ്ദ് തന്റെ പിതാവിൽനിന്ന് നിവേദനം: നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത സന്ദർഭത്തിൽ ഖർറാർ എന്ന സ്ഥലത്ത് നിന്നാണ് പുറപ്പെട്ടത്. ഇതും മദീനയിലെ ഒരു താഴ്‌വരയാണ്. അത് ഹിജാസിന്റെ അടുത്താണുള്ളത്. മദീനയിലെ താഴ്‌വരകളിൽ ഒരു താഴ്‌വരയാണ് ഇതെന്നും പറയപ്പെടുന്നു. അങ്ങനെ ഖർറാർ എന്ന സ്ഥലത്തുനിന്ന് പുറപ്പെട്ടപ്പോൾ സുബ്ഹിയുടെ സമയം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുമായി അവർ കണ്ടുമുട്ടി. അദ്ദേഹം സിറിയയിൽനിന്നുള്ള കച്ചവട സംഘത്തോടൊപ്പം വരികയായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയേയും ഹദ്റത്ത് അബൂബക്കറിനേയും സിറിയൻവസ്ത്രം ധരിപ്പിച്ചു. മദീനവാസികൾ ദീർഘനേരമായി കാത്തുനില്ക്കുന്നുവെന്ന് നബി(സ) തിരുമേനിയെ അറിയിച്ചു. അപ്പോൾ നബി(സ) തിരുമേനി നടപ്പിൽ വേഗം കൂട്ടുകയും ഹദ്റത്ത് ത്വൽഹ മക്കയിലേക്ക് പോകുകയും ചെയ്തു. പിന്നീട് തന്റെ ജോലികൾ എല്ലാം അദ്ദേഹം പൂർത്തിയാക്കിയപ്പോൾ ഹദ്റത്ത് അബൂബക്കറിന്റെ കുടുംബത്തേയും കൂട്ടി മദീനയിൽ എത്തിചേർന്നു.(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 161, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 400, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സുബയ്റും മക്കയിൽ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ) തിരുമേനി ഹിജ്റത്തിനുമുമ്പേ അവർ രണ്ടുപേരേയും സഹോദരന്മാരാക്കിയിരുന്നു. മുസ്‌ലിമീങ്ങൾ ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് ത്വൽഹയേയും ഹദ്റത്ത് അബൂ അയ്യൂബ് അൻസാരിയേയും സഹോദരന്മാരാക്കി.

മറ്റൊരു അഭിപ്രായമനുസരിച്ച് ഇങ്ങനേയും ഒരു നിവേദനമുണ്ട്. നബി(സ)തിരുമേനി ഹദ്റത്ത് ത്വൽഹയേയും ഹദ്റത്ത് സയീദ് ബിൻ സയ്ദിനേയും സഹോദരന്മാരാക്കി. മൂന്നാമത് ഒരു നിവേദനമുള്ളത് ഹദ്റത്ത് ത്വൽഹയേയും ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബിനേയും സഹോദരന്മാരാക്കി എന്നാണ്. ഹദ്റത്ത് ത്വൽഹ(റ)മദീനയിൽ ഹിജ്റത്ത് ചെയ്തപ്പോൾ അദ്ദേഹം ഹദ്റത്ത് അസ്അദ് ബിൻ സുറാറയുടെ വീട്ടിലാണ് താമസിച്ചത്. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ വാള്യം 3, പേജ് 85, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 162, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് തൽഹയുടെ ചില ധനത്യാഗങ്ങളുടെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനി അദ്ദേഹത്തെ 'ഫയ്യാള്' എന്ന് പ്രഖ്യാപിച്ചു.അതായത് വലിയ ദാനശീലൻ! അങ്ങനെ 'ദീ ഖർദ്'യുദ്ധത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനി ഒരു കിണറിന്റെ അടുത്തൂടെ കടന്നുപോയി. നബി(സ)തിരുമേനി അതിനെക്കുറിച്ച് ചോദിച്ചു. ഈ കിണറിന്റെ പേര് ബിഅ്സാന എന്നാണെന്നും ഇതിലെ വെള്ളം ഉപ്പുരസമുള്ളതാണെന്നും പറയപ്പെട്ടു. അങ്ങനെയല്ല, ഇതിന്റെ പേര് നുഅ്മാൻ എന്നാണെന്ന് നബി(സ)തിരുമേനി പറഞ്ഞു. ഇത് സ്വാദുള്ളതും ശുദ്ധവുമായ വെള്ളമാണ്. ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായാണ് അത് വാങ്ങി

വഖ്ഫു ചെയ്തത്. അതിലെ വെള്ളം സ്വാദുള്ളതായി. ഹദ്റത്ത് ത്വൽഹ നബി(സ)തിരുമേനിയുടെ അടുത്തു വരികയും ഈ സംഭവം പറയുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി 'ത്വൽഹേ! നീ വലിയ ദാനശീലനാണ്' എന്ന് അദ്ദേഹത്തോടു പറയുകയും ചെയ്തു. അങ്ങനെ അദ്ദേഹം 'ത്വൽഹത്തുൽ ഫയ്യാള്' എന്ന പേരിൽ വിളിക്കപ്പെടാൻ തുടങ്ങി.

മൂസാ ബിൻ ത്വൽഹ, തന്റെ പിതാവായ ത്വൽഹയിൽനിന്ന് നിവേദനം: നബി(സ)തിരുമേനി ഉഹുദ് ദിവസം ഹദ്റത്ത് ത്വൽഹയുടെ പേര് 'ത്വൽഹത്തുൽ ഖയ്ർ' എന്നു വെച്ചു. തബൂ ക് യുദ്ധത്തിന്റേയും ദീ ഖർദ് യുദ്ധത്തിന്റേയും അവസരത്തിൽ 'ത്വൽഹത്തുൽ ഫയ്യാള്' എന്നു വച്ചു. ഹുനയ്ൻ യുദ്ധ ദിവസം 'ത്വൽഹത്തുൽ ജൂദ്' എന്നും വച്ചു. അതിന്റെ ഉദ്ദേശ്യവും ദാനശീലത, ഔദാര്യം, ഉദാരമതി എന്നൊക്കെയാണ്.(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 478, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ വാല്യം 3, പേജ് 85, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

സാഇബ് ബിൻ യസീദിൽനിന്നു നിവേദനം, അദ്ദേഹം പറഞ്ഞു: ഞാൻ യാത്രകളിലും അല്ലാതെയും ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുടെ കൂടെ ഉണ്ടായിട്ടുണ്ട്. പണം, വസ്ത്രം, ഭക്ഷണം എന്നിവയുടെ കാര്യത്തിൽ അദ്ദേഹത്തെക്കാൾ ദാനശീലനായി ഞാൻ ആരെയും കണ്ടിട്ടില്ല. (അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 167, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

നബി(സ)തിരുമേനി ഉഹുദ് ദിവസം തന്റെ സ്വഹാബത്തിന്റെ ഒരു സംഘത്തിൽനിന്ന് മരിക്കാൻ തയ്യാറാണെന്നുള്ള ബയ്അത്ത് വാങ്ങി. ബാഹ്യമായി മുസ്ലിമീങ്ങളുടെ പരാജയമുണ്ടായപ്പോൾ അവർ ഉറച്ചുനിന്നു. തങ്ങളുടെ ജീവൻകൊണ്ട് കളിച്ച് നബി(സ)തിരുമേനിയുടെ സംരക്ഷണത്തിനായി നിന്നു. അങ്ങനെ അവരിൽ കുറച്ചാളുകൾ ശഹീദുമായി. ബയ്അത്ത് ചെയ്ത ആളുകളിൽ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സഅ്ദ് (റ), ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫ്(റ)ഹദ്റത്ത് അബൂ ദുജാന(റ)എന്നിവരുമുണ്ടായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സഹാബ വാല്യം 3, പേജ് 431, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2005)

ഹദ്റത്ത് ത്വൽഹ(റ) ഉഹുദ് ദിവസം നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ആ ദിവസം നബി (സ)തിരുമേനിയോടൊപ്പം സ്ഥൈര്യം പ്രകടിപ്പിച്ചവരിൽ അദ്ദേഹവും പെടുന്നു. മരിക്കാൻപോലും തയ്യാറാണെന്ന് ബയ്അത്ത് ചെയ്തു. മാലിക് ബിൻ സുഹയ്ർ, നബി(സ) തിരുമേനിയുടെ നേരെ അമ്പെയ്തപ്പോൾ ഹദ്റത്ത് ത്വൽഹ(റ), നബി(സ)തിരുമേനിയുടെ തിരുമുഖം തന്റെ കൈകൊണ്ട് രക്ഷിച്ചു. അമ്പ് അദ്ദേഹത്തിന്റെ ചെറുവിരലിൽ തറച്ചതിനാൽ അത് നിർജീവമായി പോയി. അദ്ദേഹത്തിൽ അമ്പ് തറച്ചപ്പോൾ, ആദ്യം അമ്പേറ്റപ്പോൾ 'സ്സീ'എന്ന ശബ്ദം പുറപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു, അദ്ദേഹം ബിസ്മില്ലാഹ് എന്നു പറഞ്ഞിരുന്നുവെങ്കിൽ ജനങ്ങൾ കാണും വിധം അദ്ദേഹം സ്വർഗത്തിൽ പ്രവേശിക്കുമായിരുന്നു. എന്തായാലും ആ ദിവസം, ഒരു ചരിത്ര ഗ്രന്ഥത്തിൽ തുടർന്നെഴുതിയിരിക്കുന്നു:ഉഹുദ് യുദ്ധത്തിന്റെ ആ ദിവസം ഹദ്റത്ത് ത്വൽഹായുടെ തലയിൽ ഒരു അന്യാരാധകൻ രണ്ടുപ്രാവശ്യം മുറിവേല്പിച്ചു. ഒരു ദിവസം അദ്ദേഹം അതിലേക്ക് വരുമ്പോൾ. മറ്റൊരു പ്രാവശ്യം അതിൽനിന്ന് മറ്റൊരു ഭാഗത്തേക്ക് മുഖം തിരിക്കുമ്പോൾ. അതുകാരണം ധാരാളം രക്തം ഒഴുകി.(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 162–163, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ആ സംഭവത്തിന്റെ കുടുതൽ വിശദീകരണം സീറത്തുൽ ഹൽബിയ്യയിൽ ഒരു നിവേദനത്തിൽ ഇപ്രകാരവുമുണ്ട്: ഖയ്സ് ബിൻ അബൂ ഹാസിം പറയുന്നു, ഉഹുദ് ദിവസം ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുടെ കൈയുടെ അവസ്ഥ ഞാൻ കണ്ടു. അദ്ദേഹം നബി(സ) തിരുമേനിയെ അമ്പുകളിൽ നിന്ന് രക്ഷിപ്പെടുത്തിയതിന്റെ ഫലമായി തളർന്നുപോയതാണ്. കുന്തം തറച്ചുവെന്നും പറയപ്പെടുന്നുണ്ട്. എത്രമാത്രം രക്തം വാർന്നൊഴുകിയെന്നാൽ അദ്ദേഹം തളർന്ന് ബോധരഹിതനായി. ഹദ്റത്ത് അബൂബക്കർ(റ) വെള്ളം തളിച്ചപ്പോൾ അദ്ദേഹം ബോധാവസ്ഥയിലേക്ക് വന്നു. ബോധം തെളിഞ്ഞയുടൻ അദ്ദേഹം ചോദിച്ചു: 'നബി(സ) തിരുമേനിയുടെ അവസ്ഥ എന്താണ്?' ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തോടു പറഞ്ഞു: 'അവിടന്ന് സുഖമായിരിക്കുന്നു.' അദ്ദേഹം തന്നെയാണ് എന്നെ നിങ്ങളുടെ അടുത്തേക്കയച്ചത്. ഹദ്റത്ത് ത്വൽഹ(റ)പറഞ്ഞു: 'അൽഹംദുലില്ലാഹ് കുല്ലു മുസീബത്തിൻ ബഅ്ദഹു ജലലൂ സർവസ്തുതിയും അല്ലാഹുവിനുതന്നെയാകുന്നു. നബിയുണ്ടെങ്കിൽ എല്ലാ വിപത്തുകളും നിസ്സാരമാകുന്നു.'(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 324, ഗസ്വയെ ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഈ യുദ്ധത്തിലെ സംഭവത്തിന്റെ ഒരു നിവേദനം ചരിത്രത്തിൽ ഇങ്ങനെ ലഭിക്കുന്നുണ്ട്. ഹദ്റത്ത് സുബയ്ർ(റ)വിവരിക്കുന്നു: നബി(സ) തിരുമേനി ഉഹുദ് ദിവസം രണ്ടു പടച്ചട്ടകൾ അണിഞ്ഞിരുന്നു. അവിടന്ന് പാറമുകളിൽ കയറാൻ ആഗ്രഹിച്ചു. എന്നാൽ, പടച്ചട്ടകളുടെ ഭാരം കാരണത്താലും തലയിലും മുഖത്തുമുള്ള മുറിൽനിന്ന് രക്തം ഒഴുകിയതിനാലും അങ്ങയ്ക്ക് ക്ഷീണമുണ്ടായിരുന്നു. അതുകൊണ്ട് പാറമുകളിൽ കയറാൻ കഴിഞ്ഞില്ല. നബി(സ)തിരുമേനി, ഹദ്റത്ത് ത്വൽഹയെ താഴെ ഇരുത്തി. അദ്ദേഹത്തിന്റെമേൽ കാലുവച്ച് പാറമുകളിൽ കയറി. ഹദ്റത്ത് സുബയ്ർ(റ) പറയുന്നു: 'ത്വൽഹ തനിക്ക് സ്വർഗം ഉറപ്പിച്ചിരിക്കുന്നു' എന്ന് നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടു.'(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ വാല്യം 3, പേജ് 85, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 321, ഗസ്വയെ ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഒരു നിവേദനത്തിൽ ഇപ്രകാരം വരുന്നുണ്ട്: 'ഹദ്റത്ത് ത്വൽഹയുടെ ഒരു കാലിന് മുടന്തുണ്ടായിരുന്നു. അതുകാരണം അദ്ദേഹത്തിന് നേരെ നടക്കാൻ സാധിച്ചിരുന്നില്ല. ഉഹുദ് ദിവസം അദ്ദേഹം നബി(സ)തിരുമേനിയെ എടുത്ത് ഉയർത്തിയപ്പോൾ നടത്തം നേരെ ആക്കുന്നതിന് പരിശ്രമിച്ചു. അതിനുവേണ്ടി അദ്ദേഹം തന്റെ കാൽ നേരെ വെച്ചു. തന്റെ മുടന്തുമൂലം നബി(സ)തിരുമേനിക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്. അതിനുശേഷം എന്നെന്നേക്കുമായി അദ്ദേഹത്തിന്റെ മുടന്ത് ഇല്ലാതായി.'(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 322, ഗസ്വയെ ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത്ആഇശയും ഹദ്റത്ത് ഉമ്മു ഇസ്ഹാഖും ഹദ്റത്ത് ത്വൽഹ(റ)യുടെ പെൺമക്കളായിരുന്നു. അവരിരുവരും പറയുന്നു: 'ഉഹുദ് ദിവസം ഞങ്ങളുടെ പിതാവിനു 24 മുറിവുകളുണ്ടായി. അവയിലൊന്ന് തലയിലായിരുന്നു. കാലിന്റെ ഞരമ്പ് മുറിഞ്ഞുപോയി രുന്നു. വിരലുകൾ തളർന്നുപോയിരുന്നു. മറ്റു മുറിവുകൾ ശരീരത്തിലായിരുന്നു. അദ്ദേഹത്തിന് ബോധക്ഷയം ഉണ്ടായിക്കൊണ്ടിരുന്നു. നബി(സ)തിരുമേനിയുടെ മുന്നിലെ രണ്ടു പല്ലുകൾ പൊട്ടിപ്പോയി. അങ്ങയുടെ മുഖത്തും മുറിവുണ്ടായി. അങ്ങയ്ക്കും ബോധക്ഷയം ഉണ്ടായിരുന്നു. ഹദ്റത്ത് ത്വൽഹ അങ്ങയെ എടുത്ത് തന്റെ മുതുകത്തുവച്ച് മുമ്പിൽ ശത്രു വരുന്നുണ്ടോ എന്ന് മുന്നിൽനോക്കി പിന്നോട്ടു പിന്നോട്ടു നടന്നു. അന്യാരാധകരിൽ ആരെയെങ്കിലും മുന്നിൽ കണ്ടാൽ അവരുമായി ഏറ്റുമുട്ടി. അങ്ങനെ നബി(സ)തിരുമേനിയെ താഴ്വരയിൽ കൊണ്ടുപോയി ചാരി ഇരുത്തി. ഇത് ത്വബഖാത്തുൽ കുബ്റായിലുള്ള ഉദ്ധരണിയാണ്.(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 163, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഉഹുദ് യുദ്ധ ദിവസം ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മുസ്ലിമീങ്ങളുടെമേൽ മിന്നൽ ആക്രമണം നടത്തി. മുസ്ലിമീങ്ങളിൽ വ്യാകുലത പടർന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവിധ നിവേദനങ്ങളെടുത്ത് ഇതിന്റെ ചിത്രം വരച്ചുകൊണ്ട് വിവരിച്ചിരിക്കുന്നു. അത് നേരത്തെ പറഞ്ഞ സംഭവങ്ങളുടെ കൂടുതൽ വിശദീകരണമാണ്. അത് ഹദ്റത്ത് ത്വൽഹയുടെ പതറാത്ത ചുവടിന്റേയും ത്യാഗത്തിന്റേയും നിലവാരത്തിന്റെ അത്ഭുതകരമായ ദൃശ്യമാണ് അവതരിപ്പിക്കുന്നത്. മുമ്പേ കണ്ടുകഴിഞ്ഞിട്ടുള്ളതിൽനിന്നും കേട്ടുകഴിഞ്ഞിട്ടുള്ളതിൽനിന്നും ഈ നിലവാരം മനസ്സിലാകുന്നുണ്ട്. പക്ഷേ, അവിടന്ന് പറഞ്ഞ അതിന്റെ കൂടുതൽ വിശദീകരണം ഇപ്രകാരമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)*

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

"ഒരു ചെറിയ വിഭാഗം ഭടന്മാർതിരുമേനിയെ രക്ഷിക്കാനായി വളഞ്ഞുകൂടി. അവരാകെക്കൂടി മുപ്പതിലധികം പേരുണ്ടാവില്ല. മക്കക്കാരുടെ സൈന്യം ഈ വളയം ഭേദിക്കാൻ ഭയങ്കരമായ ആക്രമണം നടത്തി. ശത്രുക്കളായ പടയാളികളുടെ വെട്ടും നീട്ടും കാരണം വളഞ്ഞു കൂടിയ മുസ്‌ലിം ഭടന്മാർ ഓരോരുത്തരായി നിലം പതിക്കാൻ തുടങ്ങി. കുന്നിൻ പുറത്തുനിന്നു ശരങ്ങൾ മഴപോലെ വരികയായിരുന്നു. തദവസരത്തിൽ ഖുറയ്ശിയും ഒരു മുഹാജിറും(മദീനയിൽ അഭയം തേടിയ മക്കാ മുസ്‌ലിം) ആയ ത്വൽഹ(റ) ആ ശരങ്ങളെത്രയും നബിനായകരുടെ തിരുമുഖത്തെയാണ് ലക്ഷ്യമാക്കിയിരിക്കുന്നതെന്നു കണ്ടു, തന്റെ കൈ രക്ഷാകവചമായി നീട്ടിപ്പിടിച്ചു. തുരുതുരെ വന്നു കൊണ്ടിരുന്ന അസ്ത്രങ്ങൾ ത്വൽഹയുടെ കൈക്ക് തറച്ചു കൊണ്ടിരുന്നു. എന്നാൽ, ആ കൈ താണുപോയില്ല. അമ്പുകൾ കൈ തുളച്ചു കടന്നു. മുറിഞ്ഞ കൈകളിൽ നിന്നു ചോരയൂറി. എന്നാലത് സ്ഥാനത്തു നിന്നു അനങ്ങിയില്ല. ത്വൽഹയ്ക്ക് ഒടുവിൽ തന്റെ കൈ നഷ്ടപ്പെടുകതന്നെ ചെയ്തു. പിൽക്കാലമത്രയും അദ്ദേഹം ഒറ്റക്കയ്യനായി കഴിച്ചുകൂട്ടേണ്ടി വന്നു. നാലാം ഖലീഫയുടെ കാലത്ത് കലാപവും ഛിദ്രവും തലപൊക്കിത്തുടങ്ങിയപ്പോൾ ത്വൽഹയുടെ ഒരു ശത്രു അദ്ദേഹത്തെ കൈമുറിയൻ ത്വൽഹ എന്നു പറഞ്ഞു പരിഹസിക്കുകയുണ്ടായി. ഉടൻ ത്വൽഹയുടെ ഒരു സ്നേഹിതൻ വായയടപ്പൻ മറുപടി നൽകി: "കൈമുറിയൻ ത്വൽഹ! അല്ലേ? ത്വൽഹക്കു കൈ നഷ്ടപ്പെട്ടതെങ്ങനെയെന്നറിയാമോ? ഉഹുദ് യുദ്ധത്തിൽ വെച്ചു! നബിതിരുമേനിയുടെ മുഖാരവിന്ദം ശത്രുക്കളുടെ ശരങ്ങളിൽനിന്നു രക്ഷിക്കാൻ ത്വൽഹ തന്റെ കൈ നീട്ടിയപ്പോൾ!"

ഉഹുദ് യുദ്ധത്തിനു എത്രയോ കാലശേഷം ഹദ്റത്ത് ത്വൽഹയുടെ സ്നേഹിതന്മാർ അദ്ദേഹത്തോടൊരിക്കൽ ചോദിച്ചു: "അസ്ത്രങ്ങൾ കൈക്ക് തറച്ചു കൊണ്ടിരുന്നപ്പോൾ താങ്കൾക്ക് വേദന തോന്നിയില്ലേ?" ത്വൽഹ(റ) മറുപടി നൽകി; "കൈ വേദനിക്കുകയും കടഞ്ഞു മുറിയുകയും ചെയ്തിരുന്നു. എനിക്കു കരയാൻ തോന്നാതിരുന്നുമില്ല. എന്നാൽ, എന്റെ കൈതെല്ലെങ്കിലും ഒന്നനങ്ങിപ്പോയാൽ ശത്രുക്കളുടെ അമ്പുകൾ തറക്കുന്നതു തിരുനബിയുടെ വദനബിംബത്തിലായിരിക്കുമെന്ന ചിന്ത നിമിത്തം അതൊക്കെ സഹിക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല."(ദീബാച്ചയെ തഫ്സീറുൽഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20 പേജ് 250)

'ഹംറാഉൽ' അസദ് യുദ്ധത്തിന്റെ അവസരത്തിൽ പിന്തുടർന്നുപോയ നബി(സ)തിരുമേനിയെ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് കണ്ടുമുട്ടി. നബി(സ)തിരുമേനി അദ്ദേഹത്തോടു ചോദിച്ചു: 'ത്വൽഹേ! താങ്കളുടെ ആയുധം എവിടെ?' 'അടുത്തു തന്നെയുണ്ട്' ത്വൽഹ(റ) പറഞ്ഞു. ഇതും പറഞ്ഞ് അദ്ദേഹം പെട്ടെന്നുപോകുകയും ആയുധവുമെടുത്ത് വരികയും ചെയ്തു. വാസ്തവത്തിൽ ആ നേരത്ത് ത്വൽഹയുടെ നെഞ്ചത്തുമാത്രം ഉഹുദു യുദ്ധത്തിലെ ഒമ്പത് മുറിവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ മൊത്തം എഴുപതിലേറെ മുറിവുകളാണുണ്ടായിരുനന്നത്. ഹദ്റത്ത് ത്വൽഹ(റ) പറയുന്നു: 'ഞാൻ എന്റെ മുറിവുകളെക്കാളധികം നബി(സ)തിരുമേനിയുടെ മുറിവുകളെ കുറിച്ചാണ് ചിന്തിച്ചിരുന്നത്. നബി(സ)തിരുമേനി എന്റെ അടുത്തുവന്നു. താങ്കൾ ശത്രുക്കളെ കണ്ടത് എവിടെയായിരുന്നുവെന്ന് ചോദിച്ചു. വിജനമായ പ്രദേശത്തെന്ന് ഞാൻ പറഞ്ഞു. അവിടന്ന് പറഞ്ഞു: ഞാനും വിചാരിച്ചത് അതുതന്നെയാണ്. ഖുറയ്ശികളെ സംബന്ധിച്ചിടത്തോളം നബി(സ)തിരുമേനി പറഞ്ഞു, അവർക്ക് നമ്മളോടു ഇനി ഒരിക്കലും ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് അവസരം കിട്ടുകയില്ല. എത്രത്തോളമെന്നാൽ അല്ലാഹു മക്കയെ നമ്മുടെ കൈകൊണ്ട് വിജയിപ്പിക്കുന്നതായിരിക്കും.'(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 2, പേജ് 350-351, ഗസ്‌വയെ ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

തബൂക് യുദ്ധാവസരത്തിൽ സുവയ്‌ലം യഹൂദിയുടെ വീട്ടിൽ കപടവിശ്വാസികൾ സംഘടിക്കുന്നുവെന്നുള്ള വിവരം നബി(സ)തിരുമേനിക്ക് കിട്ടി. അയാളുടെ വീട് ജാസൂം സ്ഥലത്തിന്റെ അടുത്തായിരുന്നു. ജാസൂമിനെ 'ബിഅ്‌രെ ജാസിം' എന്നും പറയാറുണ്ട്. ഇത് സിറിയയുടെ ഭാഗത്ത് റാതിജിന്റെ ചുറ്റുവട്ടത്തുള്ള പ്രദേശത്ത് അബൂ ഹയ്ഥം ബിൻ തീഹാന്റെ കിണറായിരുന്നു. അതിലെ വെള്ളം വളരെ നല്ലതായിരുന്നു. നബി(സ)തിരുമേനി അതിലെ വെള്ളം കുടിച്ചിട്ടുണ്ട്. എന്തായാലും അവർ അയാളുടെ വീട്ടിൽ സംഘടിക്കുകയായിരുന്നു. ആ കപടവിശ്വാസി അവരെ തബൂക് യുദ്ധത്തിൽ നബി(സ) തിരുമേനിയോടൊപ്പം പോകുന്നതിൽനിന്ന് തടയുകയായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ത്വൽഹയെ ചില സ്വഹാബിമാരോടൊപ്പം അവിടേയ്ക്കു അയച്ചു. സുവയ്‌ലിമിന്റെ വീടിന് തീവെക്കാനും കല്പിച്ചു. ഹദ്റത്ത് ത്വൽഹ(റ)അങ്ങനെതന്നെ ചെയ്തു. വീടിന്റെ പിറകുവശത്തൂടെ ളഹ്ഹാക് ബിൻ ഖലീഫ ഓടാൻ തുടങ്ങി. അതിന്നിടയിൽ അയാളുടെ കാലൊടിഞ്ഞു. അയാളുടെ മറ്റു സുഹൃത്തുക്കൾ ഓടിപ്പോയി. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം വാള്യം 2, പേജ് 517, ഗസ്‌വയെ തബൂക്, തഹ്‌രീഖ് ബയ്ത്തു സുവയ്‌ലം, ശിർക്കത്തു മക്തബ വ മത്ബഅ്ത്തു മുസ്തഫാ അൽബാലി മിസ്ർ 1955)(ഫർഹങ്കെ സീറത്ത്, സയ്യിദ് ഫള്‌ലുർറഹ്മാൻ, പേജ് 84, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി, 2003)

ഹദ്റത്ത് അലി(റ) പറയുന്നു: എന്റെ രണ്ടു ചെവികളും നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. ത്വൽഹയും സുബയ്‌റും സ്വർഗത്തിൽ എന്റെ രണ്ടു അയൽവാസികളായിരിക്കും.(ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 86, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

തബൂക് യുദ്ധത്തിൽ പങ്കെടുക്കാതെ പിന്നിൽമാറി നിന്നവരിൽ ഒരാൾ ഹദ്റത്ത് കഅ്ബ് ബിൻ മാലിക്കുമായിരുന്നു. അദ്ദേഹത്തെ പന്തി വിരോധിച്ചു. നാല്പതു ദിവസത്തിനുശേ ഷം അദ്ദേഹത്തിന്റെ തൗബ അല്ലാഹു സ്വീകരിക്കുകയും മാപ്പു ലഭിച്ചുവെന്ന് വിളംബരപ്പെടുത്തുകയും ചെയ്തപ്പോൾ അദ്ദേഹം മസ്ജിദിൽ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായപ്പോൾ ഹദ്റത്ത് ത്വൽഹ(റ) മുന്നോട്ടു ചെന്ന് ഹദ്റത്ത് കഅ്ബിന് കൈകൊടുത്തു. അദ്ദേഹത്തിന് ആശംസകൾ നേർന്നു. ത്വൽഹ അല്ലാതെ മറ്റാരും സദസ്സിൽനിന്ന് എഴുന്നേറ്റിരുന്നില്ല. ഹദ്റത്ത് കഅ്ബ് പറയുന്നു: ഹദ്റത്ത് ത്വൽഹയുടെ ഈ നന്മ ഒരിക്കലും എനിക്ക് മറക്കാൻ കഴിയുകയില്ല.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 145)

ഹദ്റത്ത് സയീദ് ബിൻ സയ്ദ് വിവരിക്കുന്നു: ഞാൻ ഒമ്പതുപേരെ കുറിച്ച് അവർ സ്വർഗവാസികളാണെന്ന് സാക്ഷ്യം പറയുന്നു. ഇനി പത്താമത്തെ ആളെ കുറിച്ചും ഞാൻ ഇതേ സാക്ഷ്യം പറയുകയാണെങ്കിൽ ഞാൻ പാപിയായിരിക്കുകയില്ല. അതെങ്ങനെയാണന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം ഹിറാഅ് മലയിലായിരുന്നു. അത് ഇളകാൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഹിറാഅ്! ഇളകാതിരിക്കുക. തീർച്ചയായും നിന്നിൽ ഒരു നബിയും അല്ലെങ്കിൽ സ്വിദ്ദീഖും അല്ലെങ്കിൽ ശഹീദുമല്ലാതെ മറ്റാരുമില്ല. അവരാരാണെന്ന് ചോദിക്കപ്പെട്ടു. അപ്പോൾ ഹദ്റത്ത് സയീദ് പറഞ്ഞു: നബി(സ)തിരുമേനി, അബൂബക്കർ(റ), ഉമർ(റ), ഉഥ്മാൻ(റ), അലി(റ), ത്വൽഹ(റ), സുബയ്ർ(റ), സഅ്ദ്(റ), അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ഇവരാണ് ആ ഒമ്പതുപേർ. ചോദിക്കപ്പെട്ടു പത്താമനാരാണ്. അദ്ദേഹം കുറച്ചുസമയം മൗനം പാലിച്ചു. പിന്നീട് ഹദ്റത്ത് സയീദ് ബിൻ സയ്ദ് പറഞ്ഞു, അത് ഞാനാണ്.'(സുനനുത്തിർമുദി, അബ്‌വാബുൽമനാഖിബു, സയീദ് ബിൻ സയ്ദ് ഹദീഥ് 3757)

ഹദ്റത്ത് സയീദ് ബിൻ സുബയ്ർ(റ) പറയുന്നു: ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ(റ),ഹദ്റത്ത് സയീദ് ബിൻ സയ്ദ്(റ) എന്നിവരുടെ സ്ഥാനം എങ്ങനെയുള്ളതായിരുന്നുവെന്നാൽ അവർ നബി(സ)തിരുമേനിയുടെ മുന്നിൽനിന്ന് പോരാടിയിരുന്നു. നമസ്കാരത്തിൽ അവിടത്തെ പിന്നിൽ നില്ക്കുമായിരുന്നു. (ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 478, സയീദ് ബിൻ സയ്ദ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായിൽനിന്ന് നിവേദനം:അദ്ദേഹം പറയുന്നു, നബി(സ) തിരുമേനി പറഞ്ഞു: ആരെങ്കിലും ഏതെങ്കിലും ശഹീദ് നടക്കുന്നത് കാണാൻ ആഗ്രഹിക്കുന്നെങ്കിൽ അയാൾ ത്വൽഹാ ബിൻ ഉബയ്ദുല്ലായെ നോക്കട്ടെ.'

ഹദ്റത്ത് മൂസാ ബിൻ ത്വൽഹയും ഹദ്റത്ത് ഈസാ ബിൻ ത്വൽഹയും(റ.മാ) തങ്ങളുടെ പിതാവ് ത്വൽഹ ബിൻ ഉബയ്ദുല്ലായിൽനിന്ന് നിവേദനം: നബി(സ)തിരുമേനിയുടെ സ്വഹാ

**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ബത്ത് പറായാറുണ്ടായിരുന്നു, ഗ്രാമീണനായ ഒരു അറബി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഇങ്ങനെ ചോദിച്ചുകൊണ്ട് വന്നു. മൻഖളാ നഹ്ബഹൂ അതായത് തങ്ങളുടെ നിയ്യത്ത് പൂർത്തിയാക്കിയവർ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ആരാണ്? ഗ്രാമീണനായ അറബി ചോദിച്ചപ്പോൾ അവിടന്ന് മറുപടിയൊന്നും പറഞ്ഞില്ല. വീണ്ടും അയാൾ ചോദിച്ചപ്പോഴും മറുപടി ഒന്നും നല്കിയില്ല. മൂന്നാമത്തെ പ്രാവശ്യവും അവിടന്ന് മറുപടി ഒന്നും നല്കിയില്ല. ഹദ്റത്ത് ത്വൽഹ (റ)പറയുന്നു:പിന്നീട് ഞാൻ മസ്ജിദിന്റെ വാതിലിലൂടെ മുമ്പിൽവന്നു. ഞാൻ അപ്പോൾ പച്ച നിറത്തിലുള്ള വസ്ത്രമാണ് ധരിച്ചിരുന്നത്. നബി (സ)തിരുമേനി എന്നെ(ത്വൽഹയെ)കണ്ടപ്പോൾ പറഞ്ഞു, മൻഖളാ നഹ്ബഹൂ അതായത് തങ്ങളുടെ നിയ്യത്ത് പൂർത്തിയാക്കിയവർ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ആരാണെന്ന് ചോദിച്ച ആ ആൾ എവിടെ? ഗ്രാമീണനായ അറബി പറഞ്ഞു, യാ റസൂല്ലലാഹ്! ഞാനിവിടെ ഉണ്ട്. ഹദ്റത്ത് ത്വൽഹ(റ) പറയുന്നു: അവിടന്ന് എന്റെ നേരെ ചൂണ്ടിക്കൊണ്ട് പറഞ്ഞു, നോക്കൂ! ഇദ്ദേഹം മൻഖളാ നഹ്ബഹൂ എന്നതിന്റെ സാക്ഷാത്കാരമാണ്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 86, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശീ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

അബ്ദുറഹ്മാൻ ബിൻ ഉഥ്മാൻ പറയുന്നു: ഒരിക്കൽ ഞങ്ങൾ ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുടെ കൂടെയായിരുന്നു. ഞങ്ങൾ ഇഹ്റാം കെട്ടിയിരുന്നു. അപ്പോൾ ഒരാൾ ഞങ്ങളുടെ അടുത്ത് ഒരു പക്ഷിയെ പാകംചെയ്ത് പാരിതോഷികമെന്ന നിലയിൽ കൊണ്ടുവന്നു. ഹദ്റത്ത് ത്വൽഹ(റ) ആ നേരത്ത് ഉറങ്ങുകയായിരുന്നു. ഞങ്ങളിൽ കുറച്ചാളുകൾ അതു തിന്നു. കറച്ചാളുകൾ തിന്നതുമില്ല. ഹദ്റത്ത് ത്വൽഹ(റ) ഉണർന്നപ്പോൾ അത് തിന്നവരോടൊപ്പം അദ്ദേഹം യോജിച്ചു. അദ്ദേഹം പറഞ്ഞു: ഞങ്ങളും ഇഹ്റാമിന്റെ അവസ്ഥയിൽ മറ്റുള്ളവർ വേട്ടയാടിയത് നബി(സ)തിരുമേനിയുടെ സാന്നിധ്യത്തിൽ ഭക്ഷിക്കുമായിരുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 3, പേജ് 7, അബൂ മുഹമ്മദ് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഹദീഥ് 1383, മുഅസ്സസത്തുർരിസാല 2001)

ഹദ്റത്ത് ഉമർ(റ) മോചിപ്പിച്ച അടിമ, അസ്ലം നിവേദനം ചെയ്യുന്നു: 'ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായുടെ ശരീരത്തിൽ ഹദ്റത്ത് ഉമർ രണ്ട് വസ്ത്രം കണ്ടു. അത് ചെമന്ന മണ്ണിൽ നിറം പിടിപ്പിച്ചതായിരുന്നു. വാസ്തവത്തിൽ അദ്ദേഹം ഇഹ്റാമിലായിരുന്നു. അദ്ദേഹം ചോദിച്ചു: ത്വൽഹേ! ഈ രണ്ടുവസ്ത്രത്തിന്റെ വിവരമെന്താണ്? അതായത് നിറം പിടിപ്പിച്ചിരിക്കുന്നതെന്തിനാണ്? അദ്ദേഹം പറഞ്ഞു, 'അമീറുൽ മുഅ്മിനീൻ! ഞാൻ അവയെ മണ്ണിൽ നിറം പിടിപ്പിച്ചതാണ്.' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'സ്വഹാബത്തിന്റെ സംഘമേ! നിങ്ങൾ ഇമാമാകുന്നു. ആളുകൾ നിങ്ങളെ പിൻതുടരുന്നതായിരിക്കും. വല്ല അജ്ഞനും നിങ്ങളുടെ ശരീരത്തിൽ ഈ രണ്ട് വസ്ത്രവും കണ്ടാൽ പറയും: ത്വൽഹ നിറമുള്ള വസ്ത്രം ധരിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം ഇഹ്റാമിന്റെ അവസ്ഥയിലാണുള്ളത്. വെള്ള വസ്ത്രത്തിനുപകരം നിറമുള്ള വസ്ത്രം ധരിച്ചുവെന്ന് പറഞ്ഞ് ആക്ഷേപിക്കും; ഏതൊരു വസ്തുവിലും നിങ്ങൾ നിങ്ങളുടെ ഇഷ്ടത്തിന് നിറം പിടിപ്പിച്ചാലും. മറ്റൊരു നിവേദനത്തിൽ ഈ വാക്കുകൾ കൂടുതലായി വന്നിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'ഇഹ്റാം കെട്ടുന്നവർക്കായുള്ള ഏറ്റവും നല്ല വസ്ത്രം വെള്ളവസ്ത്രമാകുന്നു. അതുകൊണ്ട് ജനങ്ങളെ സംശയത്തിൽ ഇടരുത്.'

ഹദ്റത്ത് ഹസൻ(റ) നിവേദനം: ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്(റ), തന്റെ ഒരു സ്ഥലം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന് ഏഴു ലക്ഷം ദിർഹമിന് വിറ്റു. ഹദ്റത്ത് ഉഥ്മാൻ ഈ തുക കൊടുക്കുകയും ചെയ്തു. ഹദ്റത്ത് ത്വൽഹ(റ) ഈ തുക വീട്ടിൽ കൊണ്ടുവന്നപ്പോൾ അദ്ദേഹം പറഞ്ഞു, ഏതെങ്കിലും വ്യക്തിയുടെ കൈയിൽ രാത്രി മുഴുവൻ ഇത്രമാത്രം തുക ഇരിക്കുകയാണെങ്കിൽ ആ ആളെ സംബന്ധിച്ച് രാത്രിയിൽ അല്ലാഹുവിൽനിന്ന് വല്ല കല്പനയും ഇറങ്ങുമോ എന്ന് ആർക്കറിയാം. മരണത്തെ കുറിച്ച് ഒന്നും അറിയില്ല. അങ്ങനെ ഹദ്റത്ത് ത്വൽഹ ആ രാത്രി എങ്ങനെ കഴിച്ചുകൂട്ടിയെന്നാൽ അദ്ദേഹത്തിന്റെ ദൂതൻ ആ ധനവുമെടുത്ത് അർഹതപ്പെട്ടവർക്ക് കൊടുക്കുന്നതിനുവേണ്ടി മദീനയുടെ ഇടവഴികളിലൂടെ ചുറ്റിക്കറങ്ങി. അങ്ങനെ നേരം വെളുത്തപ്പോൾ തുകയിൽനിന്ന് ഒരു ദിർഹം പോലും ബാക്കിയുണ്ടായിരുന്നില്ല.(അത്ത്വബഖാത്തുൽ ഖുബ്റാലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 164–165, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശി, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഇബ്നു ജരീർ നിവേദനം: ഹദ്റത്ത് ത്വൽഹ ഹദ്റത്ത് ഉഥ്മാനെ കണ്ടത് അദ്ദേഹം മസ്ജിദിൽനിന്ന് പുറത്തേക്ക് വരുമ്പോഴായിരുന്നു. ഹദ്റത്ത് ത്വൽഹ(റ)പറഞ്ഞു: അങ്ങയുടെ അമ്പതിനായിരം ദിർഹം എന്റെ കൈയിലുണ്ടായിരുന്നു. അത് ഞാൻ വാങ്ങിയതാണ്. അത് വസ്വൂൽ ചെയ്യാൻ താങ്കൾ ആരെയെങ്കിലും എന്റെ അടുത്തയക്കുക. അതായത് എപ്പഴോ വാങ്ങിയതാണ്. ഇപ്പോൾ വീട്ടാനുള്ള ഏർപാടായിരിക്കുന്നു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ അദ്ദേഹത്തോടു പറഞ്ഞു: അങ്ങയുടെ മനുഷ്യത്വം കാരണത്താൽ നാം അത് അങ്ങയ്ക്ക് ദാനം ചെയ്തിരിക്കുകയാണ്.'(അൽബദായ വന്നഹായ ലിഇബ്നി അഥീർ വാള്യം 4, ഭാഗം 7, പേജ് 208, വർഷം ഹിജ്റ 35, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് ത്വൽഹയുടെ ശഹാദത്ത് ജമൽ യുദ്ധത്തിലാണ് സംഭവിക്കുന്നത്. ഇതുസംബന്ധമായി നിവേദനമുണ്ട്. ഖയ്സ് ബിൻ അബൂഹാസിം നിവേദനം: മർവാൻ ബിൻ ഹകം, ജമൽ യുദ്ധത്തിൽ ഹദ്റത്ത് ത്വൽഹയുടെ കാൽമുട്ടിൽ അമ്പെയ്തു. ഞരമ്പ് മുറിഞ്ഞ് രക്തം വാർന്നഴുകാൻ തുടങ്ങി. കൈകൊണ്ട് പിടിക്കുമ്പോൾ രക്തം നിലയ്ക്കുമായിരുന്നു. കൈവിടുമ്പോൾ വീണ്ടും ഒഴുകും. ഹദ്റത്ത് ത്വൽഹ (റ)പറഞ്ഞു: അല്ലാഹുവാണ! ഇതുവരെ നമ്മുടെ അടുത്ത് അവരുടെ അമ്പുകൾ വന്നിട്ടില്ല. പിന്നീട് പറഞ്ഞു: 'മുറിവിൽനിന്ന് പിടിത്തം വിടുക. കാരണം ഈ അമ്പ് അല്ലാഹു അയച്ചതാണ്.'

ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഹിജ്റ വർഷം 30 ജമൽ യുദ്ധ ദിവസം ജമാദുൽ ആഖർ 10 ന് ശഹീദാക്കപ്പെട്ടു. ശഹാദത്ത് സമയത്ത് അദ്ദേഹത്തിന് 64 വയസായിരുന്നു. മറ്റൊരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 62 എന്നും പറയപ്പെടുന്നു.(അത്ത്വബഖാത്തുൽ ഖുബ്റാ ലി ഇബ്നി സഅ്ദ് വാള്യം 3, പേജ് 167–168, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

സയീദ് ബിൻ മുസയ്യിബിൽനിന്ന് നിവേദനം: ഒരാൾ ഹദ്റത്ത് അലിയേയും ഹദ്റത്ത് ത്വൽഹയേയും ഹദ്റത്ത് സുബയ്റിനേയും കുറിച്ച് ദോഷം പറയുകയായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മാലിക്(റ) അതായത് ഹദ്റത്ത് സഅ്ദ് അബീ വഖാസ് അവരെ തടഞ്ഞു. അദ്ദേഹം പറഞ്ഞു:'എന്റെ സഹോദരങ്ങളെ പഴി പറയരുത്.' അവർ അത് കേട്ടില്ല. ഹദ്റത്ത് സഅ്ദ് എഴുന്നേല്ക്കുകയും രണ്ടു റക്അത്ത് നഫ്ൽ നമസ്കരിക്കുകയും ചെയ്തു. അതിനുശേഷം ദുആ ചെയ്തു, 'അല്ലാഹുവേ! ഇവർ പറയുന്നത് നിന്റെ വെറുപ്പിന് നിമിത്തമാകുമെങ്കിൽ അയാളിൽ എന്റെ കണ്ണിനുമുമ്പിൽ എന്തെങ്കിലും ബലാ ഇറക്കിയാലും. അതിനെ ജനങ്ങൾക്ക് ഗുണപാഠമാക്കിയാലും.' അങ്ങനെ അയാൾ ഇറങ്ങി. ജനങ്ങളുടെ ഇടയിലൂടെ വെറളിപിടിച്ച് ഓടിവരുന്ന ഒരു ഒട്ടകത്തിന്റെ മുമ്പിൽ അയാൾപ്പെട്ടു. ആ ഒട്ടകം അയാളെ ശിലാമയമായ ഒരു മൈതാനത്തുവെച്ച് പിടിക്കുകയും അയാളെ തന്റെ നെഞ്ചിന്റേയും ഭൂമിയുടേയും ഇടയിൽ അമർത്തി വെക്കുകയും കൊന്നിടുകയും ചെയ്തു. നിവേദകൻ പറയുന്നു:'ജനങ്ങൾ ഹദ്റത്ത് സഅ്ദിന്റെ പിന്നാലെ അബൂ ഇസ്ഹാഖേ! താങ്കൾക്കാശംസകൾ. താങ്കളുട ദുആ സ്വീകരിക്കപ്പെട്ടുവെന്ന് പറഞ്ഞ് പോകുന്നത് ഞാൻ കണ്ടു.'(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 88, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശീ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

അലി ബിൻ സയ്ദ് തന്റെ പിതാവിൽനിന്ന് നിവേദനം:ഒരാൾ ഹദ്റത്ത് ത്വൽഹ(റ)യെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം പറയുന്നു: എന്റെ ഖബ്ർ മറ്റൊരു സ്ഥലത്തേക്ക് മാറ്റുക. വെള്ളം എന്നെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. ഇപ്രകാരം വീണ്ടും അദ്ദേഹത്തെ സ്വപ്നത്തിൽ കണ്ടു. തുടർച്ചയായി മൂന്നുപ്രാവശ്യം അങ്ങനെ കണ്ടു. ആ വ്യക്തി ഹദ്റത്ത് ഇബ്നു അബ്ബാസിന്റെ അടുത്തുവന്നു. താൻ കണ്ട സ്വപ്നം അദ്ദേഹത്തോടു പറഞ്ഞു. ആളുകൾ പോയി അദ്ദേഹത്തെ കണ്ടു. അപ്പോൾ മണ്ണിനോടു ചേർന്നുള്ള അദ്ദേഹത്തിന്റെ ശരീരഭാഗം വെള്ളത്തിന്റെ നനവുകൊണ്ട് പച്ച പിടിച്ചിരുന്നു. അങ്ങനെ ആളുകൾ ഹദ്റത്ത് ത്വൽഹയെ ആ ഖബ്റിൽനിന്ന് മാറ്റി വേറെ സ്ഥലത്ത് ഖബ്റടക്കി. നിവേദകൻ പറയുന്നു: അദ്ദേഹത്തിന്റെ കണ്ണുകളിൽ എഴുതിയിരുന്ന കർപൂരം ഞാനിപ്പോഴും കാണു


**ഹദീഥുന്നബ്വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

ന്നു. അതിൽ ഒരു മാറ്റവും വന്നിരുന്നില്ല. മുടിയിൽ മാത്രമാണ് കുറച്ചു മാറ്റം കണ്ടത്. അതിന്റെ സ്ഥാനത്തുനിന്ന് അത് നീങ്ങിയിരുന്നു. ആളുകൾ ഹദ്റത്ത് അബൂബക്കറിന്റെ വീടുകളിൽ ഒരെണ്ണം പത്തായിരം ദിർഹമിന് വാങ്ങി. അതിലാണ് ഹദ്റത്ത് ത്വൽഹയെ ഖബ്റടക്കിയത്.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 88, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് ഖുറയ്ശീ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് ത്വൽഹയ്ക്ക് ഇറാഖിന്റെ ഭൂമിയിൽനിന്ന് നാല്, അഞ്ച് ലക്ഷം ദിനാറിന്റെ മൂല്യമുള്ള ധാന്യം ലഭിച്ചിരുന്നു. സറാത്ത് അത് അറേബ്യൻ ഉപദ്വീപിന്റെ പടിഞ്ഞാറു ഭാഗത്ത് വടക്കുമുതൽ തെക്കുവരെ വ്യാപിച്ചുകിടക്കുന്ന മലശൃംഖലയാണ്. അതിനെ ജബ്‌ലുസ്സർറാഹ് എന്നും പറയുന്നു. അവിടെനിന്ന് കുറഞ്ഞത് പതിനായിരം ദീനാറിന്റെ മൂല്യമുള്ള ധാന്യവും ലഭിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മറ്റുസ്ഥലങ്ങളിൽനിന്നും ധാന്യങ്ങൾ ലഭിക്കുമായിരുന്നു. ബനൂ തയ്മിലെ ഒരു പാവപ്പെട്ടവനും ഉണ്ടായിരുന്നില്ല, ത്വൽഹ, അയാളുടെയും അയാളുടെ കുടുംബത്തിന്റേയും ആവശ്യം നിറവേറ്റിക്കൊടുക്കാത്തതായി; അവരുടെ വിധവകളുടെ വിവാഹം കഴിപ്പിക്കാത്തതായി; ഞെരുക്കത്തിൽ അകപ്പെട്ടവർക്ക് സേവകനെ നൽകാത്തതായി; കടക്കാരന്റെ കടം വീട്ടാത്തതായി; എല്ലാവരുടേയും കടങ്ങളും വീട്ടുമായിരുന്നു. കൂടാതെ എല്ലാ വർഷവും അദ്ദേഹത്തിന്റെ ധാന്യത്തിൽനിന്നു ലഭിക്കുന്ന വരുമാനത്തിൽനിന്ന് പതിനായിരം ദിർഹം ഹദ്റത്ത് ആഇശ(റ)യ്ക്കും നൽകുമായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3 പേജ് 166, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(ഫർഹങ്കെ സീറത്ത്, സയ്യിദ് ഫള്‌ലുർറഹ്മാൻ പേജ് 147, സവാർ അക്കാഡമി പബ്ലിക്കേഷൻസ്, കറാച്ചി 2003)

ഹദ്റത്ത് മുആവിയ, മൂസാ ബിൻ ത്വൽഹായോടു ചോദിച്ചു: അബൂ മുഹമ്മദ് അതായത് ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ് എത്ര പണമാണ് ഉപേക്ഷിച്ചുപോയത്? അദ്ദേഹം പറഞ്ഞു: 22 ലക്ഷം ദിർഹമും 2 ലക്ഷം ദീനാറും. അദ്ദേഹത്തിന്റെ എല്ലാ വരുമാനവും ധാന്യവിളവുകളിൽനിന്നായിരുന്നു. വിവിധ സ്ഥലങ്ങളിൽനിന്നാണ് അത് വന്നിരുന്നത്.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 3 പേജ് 166, ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

പറഞ്ഞതുപോലെ ജമൽ യുദ്ധത്തിലാണ് അദ്ദേഹം ശഹീദാക്കപ്പെട്ടത്. അതിന്റെ വിശദീകരണം ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. കാരണം അത് വേറിട്ടുതന്നെ വിശദീകരണം അർഹിക്കുന്നു. അത് നമ്മുടെ ബുദ്ധികളിൽ പൊന്തിവരുന്ന ചില ചോദ്യങ്ങൾക്ക് മറുപടി ആഗ്രഹിക്കുന്നുണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇനി ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിരുന്നു, ഈയിടെയായി കൊറോണ വൈറസിലൂടെ പടർന്നുപിടിച്ചിരിക്കുന്ന പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതാണ്. മസ്ജിദിൽ വരികയാണെങ്കിൽത്തന്നെ കരുതലുകൾ പാലിക്കേണ്ടതാണ്. പനിയോ മറ്റോ നേരിയ തോതിലാണെങ്കിലും ശരി പൊതു സ്ഥലങ്ങളിൽ പോകാതിരിക്കുക. സ്വയം രക്ഷപ്പെടുക. മറ്റുള്ളവരെയും രക്ഷപ്പെടുത്തുക. അല്ലാഹു ലോകത്തെ ഈ ആപത്തിൽനിന്ന് രക്ഷിക്കുന്നതിന് ദുആയിലേക്കും കൂടുതലായി ശ്രദ്ധിക്കുക.

(പേജ് 28ൽനിന്ന്)

അബ്ബാസ്(റ) മഴയുള്ള ദിവസങ്ങളിൽ ബാങ്കു വിളിക്കുന്നവരോടു പറഞ്ഞു: നിങ്ങൾ *അശ്ഹദു അൻ ല്ലാഇലാഹ ഇല്ലല്ലായും അശ്ഹദു അന്ന മുഹമ്മദൻ ർറസൂലല്ലാ*യും പറഞ്ഞതിനുശേഷം *'ഹയ്യ അല സ്സലാത്ത്'* എന്നു പറയാതെ *'സ്വല്ലൂ ഫീ ബുയൂത്തിക്കും'* എന്നു പറയുക; നിങ്ങളുടെ വീടുകളിൽ നമസ്കരിച്ചുകൊള്ളുക! ആളുകൾക്ക് അതൊരു പുതുമയായി തോന്നി. അവർ അത്ഭുതപ്പെട്ടു. അപ്പോൾ ഹദ്റത്ത് ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: അങ്ങനെത്തന്നെയാണ് എന്നെക്കാൾ ഉത്തമനായ നബി(സ)തിരുമേനിയും ചെയ്തത്. ജുമുഅ നിർവഹിക്കുക എന്നത് നിർബന്ധമാണ്. എന്നാൽ, അവർ ചെളിയിലൂടേയും വഴുക്കലിലൂടേയും നടന്നുവന്ന് ബുദ്ധിമുട്ടിൽ വീഴുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. മുസ്‌ലിമിലും ഈ ഹദീഥ് ചിലവാക്കുകളുടെ വ്യത്യാസത്തോടെ വന്നിട്ടുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. അദ്ദേഹം മഴദിവസം ബാങ്കു വിളിക്കുന്നവരോടു പറഞ്ഞു: നിങ്ങൾ *അശ്ഹദു അൻ ല്ലാഇലാഹ ഇല്ലല്ലായും അശ്ഹദു അന്ന മുഹമ്മദൻ ർറസൂലല്ലാ*യും പറഞ്ഞതിനുശേഷം *'ഹയ്യ അല സ്സലാത്ത്'* എന്നു പറയാതെ *'സ്വല്ലൂ ഫീ ബുയൂത്തിക്കും'* എന്നു പറയുക; നിങ്ങളുടെ വീടുകളിൽ നമസ്കരിച്ചുകൊള്ളുക! നിവേദകൻ പറയുന്നു: ആളുകൾക്ക് അത് പുതിയ കാര്യമായിത്തോന്നി. അപ്പോൾ ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറഞ്ഞു: നിങ്ങൾ ഇക്കാര്യത്തിൽ അത്ഭുതപ്പെടുകയാണോ? ഇത് എന്നെക്കാൾ ഉത്തമനായ മനുഷ്യൻ ചെയ്തിട്ടുണ്ട്. ജുമുഅ നമസ്കരിക്കുക എന്നതു നിർബന്ധമാണെന്നതു ശരിതന്നെ. എന്നാൽ, അവിടന്ന് പറഞ്ഞു: അവർ ചെളിയിലൂടേയും വഴുക്കലിലൂടേയും നടന്നുവന്ന് ബുദ്ധിമുട്ടിൽ വീഴുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.'

അല്ലാമ ഇമാം നവവി ഈ ഹദീഥിന്റെ വ്യാഖ്യാനത്തിലെഴുതുന്നു: ഈ ഹദീഥിൽ മഴ തുടങ്ങിയ നിർബന്ധിതാവസ്ഥയുടെ അടിസ്ഥാനത്തിൽ ജുമുഅ ഒഴിവാക്കാനും തെളിവുണ്ട്. അദ്ദേഹം എഴുതുന്നു: ഈ വഴിയാണ് നമ്മുടേതും. മറ്റു ഫുഖഹാഅ്ന്റേയും; കർമശാസ്ത്ര പണ്ഡിതന്മാരുടേയും. എന്നാൽ, ഇമാം മാലിക്കിന്റെ നിലപാട് ഇതിനു വിരുദ്ധമാണ്. *അല്ലാഹു അഅ്‌ലമു ബിസ്സ്വവാബ്* ഇപ്രകാരംതന്നെ ഫുഖഹാഅ് ജുമുഅയും ജമാഅത്ത് നമസ്കാരവും ഒഴിവാക്കാവുന്നതിന്റെ കാരണങ്ങളിൽ പകർച്ചവ്യാധിയേയും ഉൾപ്പെടുത്തിയിരിക്കുന്നു. അതുമുഖേന മസ്ജിദിൽ വരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതിനുള്ള തെളിവിനായി 'അല്ലാഹു നിങ്ങൾക്ക് ദീനിൽ ഒരു തരത്തിലുള്ള ഞെരുക്കവും വെച്ചിട്ടില്ല'എന്ന നിർദേശമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനിക്ക് രോഗം പിടിപ്പെട്ടപ്പോൾ അവിടന്ന് മസ്ജിദിൽ പോയില്ല, അബൂബക്കറിനോടു ജമാഅത്തു നിർവഹിക്കാൻ പറയാൻ ആളെ പറഞ്ഞയച്ചു. ഈ ഹദീഥ് സ്വഹീഹ് ബുഖാരിയിലുണ്ട്. മുസ്‌ലിമിലുമുണ്ട്. ഏതെങ്കിലും രോഗം പടർന്നുപിടിക്കുമെന്ന് ഭയമുണ്ടെങ്കിൽ അയാളും ഭിന്നശേഷിക്കാരനാണെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഇതിനുള്ള തെളിവ് ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)ന്റെ നിവേദനമാണ്. ഇതിൽ നബി(സ)തിരുമേനി 'ഉദ്ർ'(ഒഴികഴിവ്) എന്താണെന്ന് വ്യാഖ്യാനിച്ചപ്പോൾ 'ഭയവും രോഗവും' എന്നു പറഞ്ഞു. ഇത് സുനൻ അബൂദാവൂദിലുള്ള ഹദീഥാണ്.

എന്തായാലും ഈ രോഗം പടർന്നുപിടിക്കുമോ എന്ന ആശങ്കയുണ്ട്. അതിനുവേണ്ടി സർക്കാരും ചില ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ച് നടക്കേണ്ടതും നിർബന്ധമാണ്. ഈ പരിതഃസ്ഥിതിയിൽ ഒരിടത്ത് സംഘടിക്കുക, ജമാഅത്തായി നമസ്കരിക്കുക, ജുമുഅ നമസ്കരിക്കുകയെല്ലാം പ്രയാസമാണ്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ നിങ്ങളുടെ വീടുകളിൽ ജമാഅത്തായി നമസ്കരിക്കുന്ന ശീലമുണ്ടാക്കുക. നമസ്കരിക്കുക എന്നത് നിർബന്ധമാണെന്ന് കുട്ടികൾ അറിയുന്നതോടൊപ്പം ജമാഅത്തായി നമസ്കരിക്കുന്നതും നിർബന്ധമാണെന്ന് അവർ മനസ്സിലാക്കുകയും ചെയ്യും. ഇക്കാലത്തെ അവസ്ഥകൾ കാരണത്താൽ നമുക്ക് മസ്ജിദിൽ പോകാൻ സാധിക്കുന്നില്ല. പക്ഷേ, ഈ നിർബന്ധകാര്യം നമ്മുടെ വീടുകളിൽ നിറവേറ്റേണ്ടത് അനിവാര്യമാണ്. അത് പൂർത്തിയാക്കേണ്ടത് നിർബന്ധമാണ്. ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. ചില ഘട്ടങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് യാത്രകളിലും ഇത്തരം അവസ്ഥകളുണ്ടായിട്ടുണ്ട്. അവിടന്ന് ജുമുഅ നമസ്കരിച്ചില്ല. ഇക്കാര്യം വിശദീകരിക്കുന്ന ധാരാളം നിവേദനങ്ങളുണ്ട്. പകരുന്ന രോഗമുള്ളപ്പോൾ സംഘടിക്കുക അല്ലെങ്കിൽ അത്തരം രോഗാവസ്ഥകളിൽ പരസ്പരം ആലിംഗനം ചെയ്യുക ശരിയല്ല. അപ്പോൾ വേറിട്ടിരിക്കേണ്ടതാണ്. എന്തായാലും ഞാൻ മുമ്പേയും പറഞ്ഞതുപോലെ നമ്മൾ സ്ഥിരമായി ഇത് ഉപേക്ഷിക്കുന്നില്ല. അതിനായി പകരം സംവിധാനവും ചെയ്തുകൊണ്ടിരിക്കുന്നു, വീടുകളിൽ ജുമുഅ നമസ്കരിക്കുക.

ഇങ്ങനെ ദുആ ചെയ്യുക. അല്ലാഹു അവന്റെ കൃപ ചൊരിയുമാറാകട്ടെ. അല്ലാഹു ഈ പകർച്ച വ്യാധിയിൽനിന്ന് ലോകത്ത് എത്രയുംവേഗം സംശുദ്ധമാക്കട്ടെ. മുഴുവൻ ലോകത്തേയും മനുഷ്യത്വത്തിന്റെ തേട്ടം പൂർത്തിയാക്കുന്നവരാക്കട്ടെ. എല്ലാവരും അല്ലാഹുവിനെ തിരിച്ചറിയുന്നവരാകട്ടെ. അല്ലാഹു നമുക്കെല്ലാവർക്കും അതിനു തൗഫീഖ് നല്കുമാറാകട്ടെ. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# വിശുദ്ധഖുർആൻ

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്

### വാഗ്ദത്ത മഹ്ദീ മസീഹ് (അ)

**വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

**ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നതിലെ രണ്ടാമത്തെ യഥാർത്ഥ്യം ഇതാണ്.**

ഈ സൂക്തം വെളിപാടായി ഇറങ്ങിയത് വിശുദ്ധഖുർആന്റെ തുടക്കത്തിലാണ്. ഇതിന്റെ ഉദ്ദേശ്യം തന്റെ സമഗ്രമായ സിഫത്തുകൾ സ്വയം ഉൾക്കൊള്ളുന്ന ആ സത്തയിൽനിന്നു സഹായം തേടാനാണ്. അവന്റെ സിഫത്തുകളിൽ ഒന്ന് റഹ്മാൻ എന്നതാണ്. ഒരു സത്യാന്വേഷകന് അവന്റെ ഔദാര്യത്തിൽനിന്നുമാത്രം നന്മയും അനുഗ്രഹവും മാർഗ്ഗദർശനവും നേടാനുള്ള വഴികൾ അവൻ നല്കുന്നു. അവന്റെ മറ്റൊരു സിഫത്ത് റഹീം എന്നാണ്. അവൻ ഒരാളുടെയും പരിശ്രമം പാഴായിപ്പോവാൻ അനുവദിക്കുന്നില്ല. അതിനു സൽഫലങ്ങൾ നല്കുകയും അവന്റെ ശുഷ്കാന്തിയുടെ ഫലം അവന്റെമേൽ ചൊരിയുകയും ചെയ്യുന്നു. ഈ രണ്ടു സിഫത്തുകൾ എങ്ങനെയുള്ളതാണെന്നുവെച്ചാൽ ഇവയുടെ സഹായം കൂടാതെ ഒരു പദ്ധതിയും അതു മതേതരമാവട്ടെ മതപരമാവട്ടെ അതിന്റെ ലക്ഷ്യത്തിലെത്തിക്കാൻ സാധ്യമല്ല.

എല്ലാ പദ്ധതികളും പൂർത്തീകരിക്കാൻ ഈ രണ്ട് സിഫത്തുകളും സദാസമയവും പ്രവർത്തനപഥത്തിലുണ്ട് എന്നു ചിന്തിച്ചാൽ മനസ്സിലാകും. മനുഷ്യൻ അസ്തിത്വത്തിൽ വരുന്നന്നതിനു മുമ്പുതന്നെ ദൈവത്തിന്റെ റഹ്മാനിയ്യത്ത് സ്വയം പ്രകടമാവുന്നുണ്ട്. മനുഷ്യന്റെ കഴിവിനതീതമായ വിഭവങ്ങൾ അതു നല്കുന്നു. മനുഷ്യന് ഏതെങ്കിലും പദ്ധതികൊണ്ടോ ആസൂത്രണം കൊണ്ടോ അവ ആർജ്ജിക്കാൻ സാധ്യമല്ല. ഈ വിഭവങ്ങൾ ഏതെങ്കിലും പ്രവർത്തിയുടെ പരിണതഫലമായല്ല. വെറും അനുഗ്രഹവും ഔദാര്യവുമാണ്. ഉദാഹരണമായി പ്രവാചകന്മാരുടെ ആഗമനം, ഗ്രന്ഥങ്ങളുടെ വെളിപാട്, മഴ, സൂര്യന്റെ പ്രവർത്തന നിർവ്വഹണം, ചന്ദ്രൻ, വായു, മേഘങ്ങൾ മനുഷ്യന്റെ തന്നെ വൈവിദ്ധ്യമാർന്ന കഴിവുകളോടെയുള്ള പ്രത്യക്ഷപ്പെടൽ, അവന്റെ ആരോഗ്യത്തോടെയുള്ള ജീവിതകാലം, സമാധാനം, വിശ്രമം എന്നിവ. ഈ എല്ലാ കാര്യങ്ങളും റഹ്മാനിയ്യത്ത് എന്ന സിഫത്തിന്റെ പ്രകടനഫലമാണ് അതേരീതിയിൽ അല്ലാഹുവിന്റെ റഹീമിയ്യത്ത് പ്രകടമാകുന്നത്. ഈ കഴിവുകൾ ഉൾക്കൊണ്ടുകൊണ്ട് ദൈവം നൽകിയ കഴിവുകൾ ഉപയോഗിച്ചു എന്തെങ്കിലും ചെയ്യുകയും തന്റെ ശക്തിയും പരിശ്രമവും പ്രകടിപ്പിക്കുകയും ചെയ്യുന്നു. ദൈവികരീതിയെന്തെന്നാൽ, അവന്റെ പാഴാകാതിരിക്കുകയും സൽഫലങ്ങളോടെ അതിനെ അനുഗ്രഹിക്കുകയുമാണ്. അവന്റെ ജീവന്റെ പരിശ്രമത്തെ ഉയിർത്തെഴുന്നേല്പിക്കുന്നത് അല്ലാഹുവിന്റെ റഹീമിയ്യത്താണ്.

ഈ സൂക്തത്തിന്റെ ഉദ്ദേശ്യം വിശുദ്ധഖുർആൻ പഠനം തുടങ്ങിയാൽ എല്ലാ സിഫത്തുകളും ഉൾക്കൊള്ളുന്ന സർവ്വശക്തനായ ദൈവത്തിന്റെ സഹായവും അനുഗ്രഹവും നല്കണം എന്നതാണ്. റഹ്മാനിയ്യത്തിന്റെ അനുഗ്രഹം തേടുന്നതിന്റെ ലക്ഷ്യം, അവന്റെ അനുഗ്രഹത്തിലും ഔദാര്യത്തിലും അവൻ ആവശ്യമായ എല്ലാ മാർഗ്ഗങ്ങളും നല്കുന്നു. ദൈവികമായ വെളിപാടിനെ തുടർന്ന് നടത്തുന്ന പരിശ്രമത്തിന്റെ മുമ്പാണിത്. ഉദാഹരണമായി ജീവിതവും വിശ്രമവും അനുയോജ്യമായ അവസരവും കഴിവുകളുടെയും ശക്തിയുടെയും ഉടമസ്ഥതയും ആശ്വാസത്തേയും സമാധാനത്തേയും ഭംഗപ്പെടുത്തുന്ന എന്തിനേയും തടയലും അല്ലെങ്കിൽ പൂർണ്ണ ശ്രദ്ധ പതിപ്പിക്കുന്നതിൽനിന്നും ഹൃദയത്തെ തടയുന്നതെന്തും ആവശ്യമായ കഴിവ് നല്കുകയും ചെയ്യുന്നത് എല്ലാ റഹ്മാനിയ്യത്ത് എന്ന സിഫത്ത് മുഖേനയാണ്. റഹ്മാനിയ്യത്ത് മുഖേന അനുഗ്രഹം തേടുന്നതിന്റെ ഉദ്ദേശ്യം സമഗ്രമായ അസ്തിത്വം ഒരാളുടെ പരിശ്രമം സൽഫലങ്ങളോടുകൂടി അനുഗ്രഹിക്കണമെന്നതാണ്. ഒരാളുടെ കഠിനാധ്വാനത്തെ സംരക്ഷിക്കണം. അതു പാഴായിപ്പോകരുത്. അയാളുടെ അധ്വാനത്തിന്റെ ഫലം അനുഗൃഹീതമായിരിക്കണം എന്നതാണ്. അങ്ങനെ ദൈവവചനം പഠിക്കാനാരംഭിക്കുമ്പോൾ, യഥാർത്ഥത്തിൽ എല്ലാ മഹത്തായ അധ്വാനത്തിന്റെയും തുടക്കത്തിൽ സർവ്വശക്തനായ അല്ലാഹുവിന്റെ റഹ്മാനിയ്യത്തിന്റെയും റഹീമിയ്യത്തിന്റെയും അനുഗ്രഹങ്ങളും സഹായവും തേടണം. ഈ രീതിയിൽ മനുഷ്യൻ ദൈവത്തിന്റെ ഏകത്വത്തിന്റെ യാതാർത്ഥ്യം പഠിക്കുന്നു. തന്റെ സ്വന്തം അജ്ഞതയും അബോധാവസ്ഥയും വിഢ്ഢിത്തവും അജ്ഞതയും നിസ്സഹായതയും മനസ്സിലാക്കുകയും തന്റെ മനസ്സിനെ അനുഗ്രഹത്തിന്റെ ഉറവിടമായ ദൈവത്തിന്റെ മഹത്വത്തിലും പ്രതാപത്തിലും കേന്ദ്രീകരിക്കുന്നു. തന്നെ സ്വയം ദരിദ്രനും, നിസ്സാരനുമായി ഗണിച്ചുകൊണ്ട് സർവ്വശക്തന്റെ റഹ്മാനിയ്യത്തിന്റെയും റഹീമിയ്യത്തിന്റെയും അനുഗ്രഹങ്ങൾ തേടുന്നു. ഈ ദൈവിക സിഫത്തുകൾ സ്വയംതന്നെ പ്രവർത്തനപഥത്തിൽ വരുന്നു. എന്നാൽ, സർവ്വജ്ഞനായ ദൈവം തുടക്കത്തിൽത്നനെ ഒരു പ്രകൃതിനിയമമാക്കിയിരിക്കുന്നത് മനുഷ്യന്റെ പ്രാർത്ഥനയും സഹായാർത്ഥനയും വിജയത്തിനുള്ള സഹായം തേടലുമാണ്. തങ്ങളുടെ ഉദ്യമങ്ങളിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും അവരുടെ പ്രാർത്ഥനകൾ ആത്മാർത്ഥതയുടെ പൂർണ്ണരൂപത്തിലെത്തുകയും ചെയ്യുന്നവരുടെ വിഷമതകൾ ഇല്ലാതാക്കാൻ അല്ലാഹു സ്വയംതന്നെ ഏർപ്പാടുണ്ടാക്കുന്നു. തന്റെ ന്യൂനതകൾ സ്വയം കണക്കിലെടുക്കുകയും ബലഹീനതകൾ നിരീക്ഷിക്കുകയും ചെയ്യുന്ന ഒരാൾ തന്റെ ഒരേർപ്പാടും സ്വതന്ത്രമായും ശുഭാപ്തിവിശ്വാസത്തോടും തുടങ്ങുന്നില്ല. എന്തെന്നാൽ തന്റെ ദാസത്വത്തിന്റെ അവസ്ഥ അയാളോടു നിർദ്ദേശിക്കുന്നത് പരിപൂർണ്ണ നിയന്ത്രാതാവായ സർവ്വശക്തനായ ദൈവത്തിന്റെ സഹായം തേടണമെന്നാണ്. പ്രകൃത്യായുള്ള ലാളിത്യവും ദൗർബല്യത്തെക്കുറിച്ചുള്ള ബോധവുമുള്ള ഓരോ ഹൃദയത്തിലും ശരിയായ ദാസത്വത്തെക്കുറിച്ചുള്ള ഉത്കണ്ഠയുണ്ടാവും. ആത്മാവിന് ഗർവ്വും അഹങ്കാരവും ബാധിച്ചിട്ടില്ലാത്ത ഒരു ആത്മാർത്ഥതയുള്ള വ്യക്തി തന്റെ ദൗർബല്യത്തെക്കുറിച്ചും ഇല്ലായ്മയെക്കുറിച്ചും ബോധവാനാണെങ്കിൽ താനൊരു കാര്യവും വിജയപൂർവ്വം ചെയ്യാൻ പ്രാപ്തനല്ലെന്ന് മനസ്സിലാക്കുകയാണെങ്കിൽ തനിക്ക് ഒരു കഴിവും ശക്തിയും ഇല്ലെന്ന് മനസ്സിലാക്കി ഒരേർപ്പാട് തുടങ്ങുകയാണെങ്കിൽ സ്വാഭാവികമായും ദൈവികശക്തിക്കായി പ്രാർത്ഥിക്കും. അയാൾ എല്ലാ സമയത്തും ദൈവത്തെ ശക്തമായ അസ്തിത്വമായി കാണാതെ, അവന്റെ സമഗ്രതയിലും പ്രതാപത്തിലുംതന്നെ. ഏതൊരു പരിശ്രമത്തിലും വിജയവും ആശ്രയിച്ചിരിക്കുന്നത് റഹ്മാനിയ്യത്തിലും റഹീമിയ്യത്തിലുമാണെന്ന് അയാൾ അറിയുന്നു. പിന്നെ ഉടനെതന്നെ ന്യൂനതാപൂർണ്ണവും വിലയില്ലാത്തതുമായ അധ്വാനത്തിൽ ഈ പ്രാർത്ഥന മുഖേന ദൈവിക സഹായം തേടുന്നു.

**ബിസ്മില്ലാഹിർറഹ്മാനിർറഹീം**

അങ്ങനെയുള്ള വിനയം മുഖേന ദൈവികശക്തി മുഖേന ശക്തി നൽകപ്പെടാൻ അർഹനായിത്തീരുന്നു. അവന്റെ കഴിവ് മുഖേന കഴിവ് നല്കപ്പെടുന്നു. അവന്റെ അറിവ് മുഖേന അറിവ് നല്കപ്പെടുന്നു. തന്റെ പദ്ധതികളിൽ വിജയം നേടുന്നു. ഇതിനു തെളിവായി തർക്കശാസ്ത്രത്തിന്റെ വാദഗതിയും തത്ത്വജ്ഞാനവും ആവശ്യമില്ല. ഓരോ മനുഷ്യന്റെയും ആത്മാവിന് ഇത് സ്വയം മനസ്സിലാക്കാനുള്ള കഴിവുണ്ട്. ഒരു സത്യവാനായ മനുഷ്യന്റെ ഗ്രാഹ്യശക്തിക്ക് നിരന്തരം ഇതിന്റെ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു. ദൈവത്തിൽനിന്നും സഹായം തേടുന്ന ഒരു സൃഷ്ടിക്ക് അതിൽ ഒരു കൃത്രിമകത്വവുമില്ല. ഇത് അലസമായ ചിന്തയുടെ ഫലവുമല്ല. അത് പാദാർത്ഥികമായ ഫലം കൂടാതെയുള്ളതുമല്ല. ഈ യാഥാർത്ഥ്യത സർവ്വശക്തനായ ദൈവത്തിന്റെ അനന്തമായ വഴിമുഖേന സ്ഥാപിക്കപ്പെട്ടതാണ്. അവൻ സത്യമായും ലോകത്തിന്റെ പിന്തുണയാണ്. അവന്റെ പിന്തുണയോടുകൂടിതന്നെയാണ് ഈ പ്രപഞ്ചനൗക നിരന്തരമായി ചലിക്കുന്നത്. തങ്ങളെക്കുറച്ചും താണവർ പുച്ഛിക്കപ്പെട്ടവരുമാണെന്ന് സ്വയം കരുതുന്നവർ തങ്ങളുടെ ഏർപ്പാട് തുടങ്ങുന്നതിനു മുമ്പ് അവന്റെ പിന്തുണ തേടിക്കൊണ്ട് പ്രാർത്ഥിക്കുന്നു. അനുഗ്രഹത്തിന്റെ ഉറവിടമായ റഹ്മാനും റഹീമുമായ ആ നാമത്തോട് എന്ത് ഏർപ്പാട് തുടങ്ങുമ്പോഴും സഹായം തേടുകയെന്നത് ബഹുമാനത്തിന്റെയും ദാസത്വത്തിന്റെയും ഇല്ലായ്മയുടെയും വഴിയാണ്. ഒരാളുടെ പ്രവർത്തനങ്ങളിൽ ദൈവത്തിന്റെ ഏകത്വത്തെ അംഗീകരിക്കുന്ന ആദ്യത്തെ പടിയാണിത്. അത് സ്വീകരിക്കുന്നതുവഴി ഒരു മനുഷ്യൻ കുട്ടികളെപോലെ വിനയം നേടുന്നു. ലോകത്തിലെ അഹങ്കാരികളായ ആളുകളെപോലെയാകാതെ ഹൃദയത്തെ ഗർവ്വിൽനിന്നു ശുദ്ധീകരിക്കുന്നു. സ്വന്തം ദൗർബല്യത്തെക്കുറിച്ചു ബോധവാനായിക്കൊണ്ടും ദൈവികസഹായത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ചറിഞ്ഞും ദൈവത്തിന്റെ പ്രത്യേക ആളുകൾക്ക് നല്കപ്പെടുന്ന ഗ്രാഹ്യശക്തിയിൽ ഭാഗഭാക്കാവുന്നു.

എത്രത്തോളം ഒരു മനുഷ്യൻ ഈ വഴി സ്വീകരിക്കുന്നുവോ അതുപ്രകാരം പ്രവർത്തിക്കുന്നുവോ, അതൊഴിവാക്കുന്നത് നാശമാണെന്നു വിചാരിക്കുന്നുവോ അത്രത്തോളം അയാളുടെ ഏകദൈവത്വത്തിലുള്ള വിശ്വാസം സ്ഥാപിക്കപ്പെടുന്നുവെന്നതിൽ സംശയമില്ല. അതുമുഖേന അഹങ്കാരത്തിൽനിന്നും വിമോചിതനായി അയാൾ പരിശുദ്ധി നേടുന്നു. കൃത്രിമത്വത്തിന്റെ അന്ധകാരം അയാളുടെ വദനത്തിൽനിന്നു നീങ്ങുകയും ആത്മാർത്ഥതയുടെ വെളിച്ചം അയാളുടെ മുഖത്ത് തിളങ്ങാൻ തുടങ്ങുകയും ചെയ്യുന്നു. ക്രമേണ ദൈവത്തിൽ ലയിക്കുന്നതിലേക്ക് നീങ്ങുന്ന യാഥാർത്ഥ്യം ഇതാണ്. എല്ലാം ദൈവത്തിൽനിന്നാണെന്നും തന്റേതായി ഒന്നുമില്ലെന്നും അയാൾ ഗ്രഹിക്കുന്നു.

ഏതെങ്കിലും ഒരാൾ എപ്പോഴെങ്കിലും ഈ വഴി സ്വീകരിച്ചാൽ ദൈവത്തിന്റെ ഏകത്വത്തിന്റെ സുഗന്ധം അയാളിൽ ഉടനെ എത്തുന്നു. അതുവഴി അയാളുടെ ഹൃദയത്തിലും തലച്ചോറിലും പരിമളം പരത്തുന്നു. അയാളുടെ ഘ്രാണശക്തി ദുഷിച്ചുപോയില്ലെങ്കിൽ മാത്രം. ഈ യാഥാർത്ഥ്യം സ്വീകരിക്കാൻ ഒരു സത്യാന്വേഷകൻ തന്റെ സ്വന്തം ഇല്ലായ്മ സമ്മതിക്കണം.

പ്രതാപവാനായ ദൈവം പരിപൂർണ്ണമായി നിയന്ത്രി

## ഹദീഥുന്നബ്വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമ്മമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമ്മമാണ്. നല്ല വാക്കു പറയുന്നതും ധർമ്മമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമ്മമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമ്മമാണ്.' (ബുഖാരി മുസ്‌ലിം)**

താലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

ക്കുന്നവനും അനുഗ്രഹത്തിന്റെ ഉറവിടവുമാണെന്നു സാക്ഷ്യം വഹിക്കണം. ഇതാണ് സത്യാന്വേഷകരുടെ രണ്ടു ലക്ഷ്യങ്ങൾ. ദൈവത്തിൽ അർപ്പണം ചെയ്യാൻ ആവശ്യമായ നിബന്ധനകളും ഇതുതന്നെ. ആവശ്യമായ ഈ നിബന്ധന മനസ്സിലാക്കാൻ ഒരു കാര്യം അറിയേണ്ടതുണ്ട്. വിപുലമായ രീതിയിൽ മഴ പെയ്യുകയാണെങ്കിലും ഒരാൾ മഴ പെയ്യുന്ന സ്ഥലത്തുനിന്നാലേ അയാൾ മഴ കൊള്ളാൻ കഴിയൂ. അന്വേഷിക്കുന്നവരേ, കണ്ടെത്തു, ചോദിക്കുന്നവർക്കേ നല്കപ്പെടൂ.

ഒരു സംരംഭത്തിന്റെ തുടക്കത്തിൽ സ്വന്തം വൈദഗ്ദ്ധ്യത്തേയും ബുദ്ധിയേയും ശക്തിയേയും ആശ്രയിക്കുകയും സർവ്വശക്തനായ ദൈവത്തിൽ ഭരമേല്പിക്കാതിരിക്കുകയും ചെയ്യുന്നവർ ശരിയാംവിധം അല്ലാഹുവിന്റെ വില മനസ്സിലാക്കുന്നില്ല. അവന്റെ പിന്തുണയോടെയാണ് ലോകം നടക്കുന്നത് എന്ന കാര്യം ഓർക്കുന്നില്ല. അവരുടെ വിശ്വാസം ഉണങ്ങിയ ഒരു വൃക്ഷശാഖപോലെയാണ്. അതിന് പച്ചളിപ്പുള്ള പൂക്കുന്ന മരവുമായി യാതൊരു ബന്ധവുമില്ല. അതിന്റെ പുതുമയാർന്ന പൂക്കളുടെയും പഴങ്ങളുടെയും ഭാഗമല്ല. അതിന് പ്രത്യക്ഷത്തിൽ മരവുമായി ബന്ധം കാണാമെങ്കിലും ഒരു ചെറിയ കാറ്റടിച്ചാൽ അല്ലെങ്കിൽ ആരെങ്കിലും മരമൊന്നു കുലുക്കിയാൽ താഴെവീഴും. ഏതൊരുവനെ ആശ്രയിച്ചു പ്രപഞ്ചം നിലകൊള്ളുന്നുവോ അവനെ ആശ്രയിക്കാത്തവരായ തത്ത്വജ്ഞാനികളുടെ വിശ്വാസം ഉണങ്ങിയതാണ്. എല്ലാ അനുഗ്രഹത്തിന്റെയും ഉറവിടമായ അല്ലാഹുവിനെ ആശ്രയിച്ചാണ് തങ്ങൾ നില്ക്കുന്നതെന്ന് അവർ മനസ്സിലാക്കുന്നില്ല. ഈ ആളുകൾ ദൈവത്തിന്റെ ഏകത്വത്തിൽനിന്ന് എത്രത്തോളം അകന്നവരാണെന്നാൽ അന്ധകാരം വെളിച്ചത്തിൽനിന്നകന്നപോലെ. എല്ലാ ശക്തിയുമുള്ള ഒരു മഹാശക്തിക്ക് കീഴ്വണങ്ങുകയെന്നത് സ്വന്തമായി ഒന്നുമില്ലാത്തവനെപ്പോലെയാണെന്ന് മനസ്സിലാക്കൽ ദാസത്വത്തിന്റെ അവസാന ഘട്ടമാണെന്നും ദൈവത്തിന്റെ ഏകത്വത്തിന്റെ അങ്ങേയറ്റത്തെ ബിന്ദുവാണെന്നും സ്വയം ഇല്ലായ്മയുടെ ഉറവു തുളിച്ചുചാടുമെന്നും അതുമുഖേന താൻ എന്ന ഭാവവും അതിന്റെ പദ്ധതികളും ഒട്ടാകെ അവനിൽ ലയിക്കുമെന്നും ദൈവമാണ് എല്ലാറ്റിന്റേയും നിയന്ത്രണം നടത്തുന്നതെന്നും അവൻ മനസ്സിലാക്കുന്നില്ല. ഒരേർപ്പാടിന്റെ തുടക്കത്തിൽ ദൈവികസഹായം തേടേണ്ട ആവശ്യമില്ലെന്ന തത്ത്വജ്ഞാനികളുടെ വാദഗതി നാം അവഗണിക്കണം. എത്രത്തോളമെന്നാൽ ദൈവം ആദ്യംതന്നെ മനുഷ്യന്റെ പ്രകൃതിയിൽ അനുയോജ്യമായ കഴിവുകൾ നിക്ഷിപ്തമാക്കിയിരിക്കുന്നുവെന്നും ഇനി അവനോട് കഴിവിനായി സഹായം തേടേണ്ടതില്ലെന്നും അവർ സിദ്ധാന്തിക്കുന്നു. എന്നാൽ, ഇതിന്റെ അർത്ഥം ദൈവം നമ്മുടെ പ്രകൃതിയിൽ ചില കാര്യങ്ങൾ ചെയ്യാൻ കഴിവും നല്കിയിട്ടുണ്ടെന്നും അതിനാൽ പിന്തുണക്കുന്ന ഒരുവന്റെ ഭരണം ആവശ്യമില്ലെന്നുമല്ല. അവൻ നമ്മെ അവനിൽനിന്ന് വേർപ്പെടുത്തിയെന്നും അവന്റെ പിന്തുണ പിൻവലിച്ചുവെന്നുമല്ല. അവന്റെ പരിധിയില്ലാത്ത അനുഗ്രഹത്തിൽനിന്നും നമ്മെ സ്വതന്ത്രരാക്കിയെന്നുമല്ല. എന്തെല്ലാം അവൻ നമുക്ക് നല്കിയോ അതെല്ലാം പരിമിതമാണ്. എന്നാൽ നാം അവനോട് ആവശ്യപ്പെടുന്നത് പരിമിതിയില്ലാത്തതാണ്. അതുകൂടാതെ നമ്മുടെ കഴിവുകൾപ്പുറമുള്ളത് ചെയ്യാനുള്ള ശക്തി നമുക്ക് നല്കപ്പെട്ടിട്ടില്ല. ചിന്തിച്ചുനോക്കിയാൽ ഒരു കഴിവും അതിന്റെ സമഗ്രതയിൽ നമുക്ക് നല്കപ്പെട്ടിട്ടില്ല. ഉദാഹരണമായി നമ്മുടെ ശാരീരികശക്തി നമ്മുടെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ആരോഗ്യം കാരണങ്ങളെ ആശ്രയിച്ചുനില്ക്കുന്നു. അവയിൽ ചിലത് ആകാശീയവും ചിലത് ഭൗമികവുമാണ്. അവയെല്ലാം നമ്മുടെ കഴിവിനതീതമാണ്. സത്യത്തിൽ കാരണങ്ങളുടെ കാരണമായ അവന്റെ അസ്തിത്വം കാരണമായ പ്രപഞ്ചത്തിന്റെ താങ്ങായ അവൻ നമ്മുടെ ബാഹ്യവും ആന്തരികവുമായ അവസ്ഥകൾ അറിയുന്നു. നമ്മുടെ ആദ്യവും അവസാനവും മുകളിലും താഴെയും ഇടതും വലതും നമ്മുടെ ഹൃദയങ്ങളും നമ്മുടെ ആത്മാക്കളും നമ്മുടെ ആത്മാക്കളുടെ കഴിവുകളും അതൊരു നല്ല പ്രശ്നമാണ്. മനുഷ്യബുദ്ധിക്കതീതമാണ്. ഇക്കാര്യത്തിൽ ഇനിയും മുന്നോട്ടുപോകേണ്ട ആവശ്യമില്ല. ഇതുവരെ പറഞ്ഞ കാര്യങ്ങൾതന്നെ നമ്മുടെ എതിരാളികളുടെ ആക്ഷേപങ്ങൾ ഖണ്ഡിക്കുവാൻ മതിയായതാണ്.

പ്രപഞ്ചത്തെ പിന്താങ്ങുന്നവനായ അവന്റെ അനുഗ്രഹം ലഭിക്കാനുള്ള ഏകവഴി നമ്മുടെ എല്ലാ കഴിവുകളും ശക്തികളുമുപയോഗിച്ചു പ്രാർത്ഥിക്കുക എന്നതണ്. ഇത് പുതിയൊരു വഴിയല്ല. മനുഷ്യന്റെ പ്രകൃതിയിൽ തുടക്കത്തിലേ അന്തർലീനമാണ്. ദാസത്വത്തിന്റെ വഴിയിൽ ചലിക്കാനാഗ്രഹിക്കുന്ന ഒരു വ്യക്തി ഈ വഴി സ്വീകരിക്കുന്നു. ദൈവാനുഗ്രഹം തേടുന്ന ഒരാൾ ഈ വഴി നടക്കുന്നു. ദൈവകാരുണ്യം ആഗ്രഹിക്കുന്ന ആൾ ഈ ശ്വാശ്വത മാർഗ്ഗങ്ങൾ അനുസരിക്കുന്നു. ഈ നിയമങ്ങൾക്ക് ക്രിസ്ത്യാനികളുടെ ദൈവത്തെപ്പോലെ ഒരു പുതിയ വഴിയല്ല. ഇവ ഉറച്ച നിയമങ്ങളാണ്. അത് ശാശ്വതമാണ്. എല്ലാ കാലത്തുമുള്ള അല്ലാഹുവിന്റെ ചര്യയാണ്. ഒരു വ്യക്തിയുടെ വൈവിധ്യം നിറഞ്ഞ അനുഭവങ്ങളിലൂടെ ആത്മാർത്ഥതയുള്ള സത്യാന്വേഷിക്ക് പ്രകടമാണ്. ഓരോ അനുഗ്രഹവും ഈ വഴിയിലൂടെ മുന്നോട്ടുപോകുന്നു. പരിപൂർണ്ണ നിയന്ത്രണം നടത്തുന്ന അസ്തിത്വം കാരണങ്ങളുടെ കാരണമായവൻ എല്ലാ അനുഗ്രഹങ്ങളുടെ ഉറവിടമായവൻ അവന്റെ പേര് വിശുദ്ധഖുർആന്റെ ശൈലിയനുസരിച്ച് അല്ലാഹുവെന്നാണ്. അവൻ ആദ്യമായി അവന്റെ സിഫത്തായ റഹ്മാനിയ്യത്ത് പ്രദർശിപ്പിക്കുന്നു. എന്താണോ ആവശ്യമായത് അത് അസ്തിത്വത്തിൽ കൊണ്ടുവരുന്നു. അത് ഒരാളുടെ അധ്വാനത്തിന് മുമ്പാണ്. അവന്റെ അനുഗ്രഹം മുഖേന മാത്രം, ഔദാര്യം മുഖേനയും നമ്മുടെ ഭാഗത്തുനിന്നുള്ള ഒരു കൈകടത്തലും കൂടാതെയാണിത്. റഹ്മാനിയ്യത്ത് എന്ന സിഫത്ത് ഈ പ്രവൃത്തി സമഗ്രമായി ചെയ്താൽ, മനുഷ്യൻ സ്വയം തന്നെ തന്റെ ശക്തി പരിധിക്കനുസരിച്ചു ചെലുത്തുന്നു. പിന്നെ റഹീമിയ്യത്തിന്റെ സിഫത്ത് പ്രദർശിപ്പിക്കുന്നത് സർവ്വശക്തനായ ദൈവമാണ്. പിന്നെ മനുഷ്യന്റെ പരിശ്രമമനുസരിച്ച് അതിന്റെ ഫലം കൊണ്ടുവരുന്നു. അവന്റെ വ്യവസായത്തെ വ്യർത്ഥമാവാതെ സംരക്ഷിക്കുന്നു. തന്റെ ലക്ഷ്യം അവനു നൽകുന്നു. ഈ രണ്ടാമത്തെ സിഫത്ത് കാരണമായാണ് തേടുന്നവൻ കണ്ടെത്തുന്നുവെന്നും ചോദിക്കുന്നവനു നല്കപ്പെടുന്നുവെന്നും പറയപ്പെടുന്നത്. മുട്ടുന്നവന്റെ മുമ്പിൽ തുറക്കപ്പെടുന്നു.

ഒരു യാഥാർത്ഥ്യതയെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണ് അവന്റെ സഹായം തേടുന്നതുകൊണ്ട് ഫലമില്ലെന്നും ദൈവത്തിന്റെ റഹ്മാനിയ്യത്തും റഹീമിയ്യത്തും എല്ലാ അവസരത്തിലും അവൻ പ്രകടമാക്കുന്നില്ലെന്നതും. യഥാർത്ഥത്തിൽ, ആത്മാർത്ഥമായി ചെയ്യപ്പെടുന്ന പ്രാർത്ഥനകൾ സർവ്വശക്തനായ ദൈവം കേൾക്കുന്നു. അനുയോജ്യമായ നിലയിൽ സഹായിക്കുകയും ചെയ്യുന്നു. ചില സമയത്ത് സഹായമർത്ഥിച്ചുകൊണ്ടുള്ള ദുആ ആത്മാർത്ഥവും വിനയാന്വിതവുമായിരിക്കില്ല. അവന്റെ ചുണ്ടുകൾ ചലിക്കുന്നുവെങ്കിലും ആത്മീയാവസ്ഥ നന്നായിരിക്കില്ല. ഹൃദയം അശ്രദ്ധവും വെറുപ്പും കാണിക്കാൻ വേണ്ടിയായിരിക്കും. ചിലപ്പോൾ ദൈവം പ്രാർത്ഥന കേൾക്കുകയും അവൻ അനുയോജ്യമാണെന്ന് പരിഗണിക്കുന്നത് നല്കുകയും ചെയ്യുന്നു. അവന്റെ സമഗ്രമായ ഗ്രാഹ്യശക്തിക്കനുസൃതവുമായിരിക്കും. എന്നാൽ അജ്ഞനായ വ്യക്തി ദൈവത്തിന്റെ ഗോപ്യമായ ഔദാര്യം അവൻ തിരിച്ചറിയാതെ പോകുന്നു. അബോധാവസ്ഥ കാരണം അവൻ ആക്ഷേപിക്കാൻ തുടങ്ങുന്നു.

താഴെപറയുന്ന സൂക്തത്തിലെ വിഷയം അവൻ അവഗണിക്കുന്നു.

"ഒരു കാര്യം നിങ്ങൾക്ക് ഗുണകരമായിരിക്കെ നിങ്ങളത് വെറുത്തുവെന്നു വരാം. ഒരു കാര്യം നിങ്ങൾക്ക് ദോഷകരമായിരിക്കെ അത് നിങ്ങൾ ഇഷ്ടപ്പെട്ടുവെന്നും വരാം. അല്ലാഹു എല്ലാം അറിയുന്നു. നിങ്ങൾ അറിയുന്നില്ല! (വിശുദ്ധഖുർആൻ 2:217) അത് ഈ സൂക്തത്തിൽ വ്യക്തമാണ്.ബിസ്മില്ലാഹിർറഹ്മാനിർറഹീം(വിശുദ്ധഖുർആൻ 1:1) ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസത്തിൽ പുരോഗതിയുടെ മികവുറ്റ വഴികളാണ് എന്ന മഹത്തായ യാഥാർത്ഥ്യം അതുൾക്കൊള്ളുന്നു. ദാസത്വത്തിലും ആത്മാർത്ഥതയിലുമുള്ള അതിന്റെ തുല്യത മറ്റൊരു ഗ്രന്ഥത്തിലും കാണാൻ സാധിക്കില്ല. ആരെങ്കിലും വേറൊരിടത്ത് അതിനു തുല്യമായത് അവകാശപ്പെടുകയാണെങ്കിൽ അയാൾ ആ സത്യത മുന്നോട്ടുവെക്കട്ടെ. ഞാൻ താഴെ വിവരിക്കാൻ പോകുന്ന മറ്റു സത്യതകൾക്കും തുല്യമായിരിക്കണമത്.

ബിസ്മില്ലായുടെ ശരിയായ സംഗ്രഥനത്തിന് ഹ്രസ്വദൃഷ്ടികളും അജ്ഞരുമായ ചിലർ ആക്ഷേപമുന്നയിക്കാറുണ്ട്. അവരിലൊരാൾ റവറന്റ് മി. ഇമാമുദ്ദീനാണ്. ഹിദായത്തുൽ മുസ്ലിമീൻ എന്ന ഗ്രന്ഥത്തിലാണ് ഈ ആക്ഷേപമുന്നയിച്ചിട്ടുള്ളത്. മറ്റൊരാൾ ബാവാ നാരായണൻ സിംഗാണ്. അദ്ദേഹം അമൃതസറിലെ ഒരു നിയമജ്ഞനാണ്. അദ്ദേഹം റവറന്റ് മാന്യന്റെ ആക്ഷേപത്തിൽ കഴമ്പുണ്ടെന്നു ധരിച്ചുകൊണ്ട് തന്റെ ഹൃദയത്തിലെ പക നിമിത്തം തന്റെ വിദ്യാപ്രകാശക് ജേർണലിൽ ആക്ഷേപം ആവർത്തിച്ചിരിക്കയാണ്. നാം അദ്ദേഹത്തിന്റെ ആക്ഷേപവും അതിനുള്ള മറുപടിയും ഇവിടെ അവതരിപ്പിക്കയാണ്. അതുമുഖേന നീതിമാനായ ഒരു മനുഷ്യന് നമ്മുടെ എതിരാളികളുടെ മർക്കടമുഷ്ടിയുടെ ആന്തരികാന്ധത എത്രത്തോളം അവരെ ബാധിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കും. തിളങ്ങുന്ന മികച്ച സുഗന്ധം അവരുടെ നാസാരന്ധ്രങ്ങളിൽ ദുർഗ്ഗന്ധമായി തോന്നുന്നു. നിഗൂഢവും അഗാധവുമായ ഈ സൂക്തത്തിനു ഈ വിമർശകന്മാർ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ഇതാണ്.

ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്ന സൂക്തത്തിൽ റഹ്മാനും റഹീമും ശരിയായ ക്രമത്തിലല്ല. ശരിയായ ക്രമം റഹീം എന്നും റഹ്മാൻ എന്നും ആവേണ്ടിയിരുന്നു. എന്താണെന്നാൽ റഹ്മാൻ അർത്ഥമാക്കുന്നത് ദൈവത്തിന്റെ കാരുണ്യമാണ്. അത് പൊതുവായതും വ്യാപകമായതുമാണ്. റഹീം അർത്ഥമാക്കുന്നത് പരിമിതവും പ്രത്യേകമായതുമായ ദൈവത്തിന്റെ കാരുണ്യമാണ്. സംഗ്രഥന നിയമങ്ങൾ ആവശ്യപ്പെടുന്നത് പരിമിതമായത് പൊതുവായതും അപരിമിതമായതിനു മുമ്പേ വരണമെന്നും ആണ്, മറിച്ചല്ല.

ഇതാണ് ഈ രണ്ട് മാന്യന്മാർ ഉന്നയിച്ച ആരോപണം. ഈ ഉള്ളടക്കത്തിന്റെ മികവിനുനേരെ ഇവർ കണ്ണടച്ചിരിക്കയാണ്. ഇസ്ലാമിനോട് എതിർപ്പുണ്ടായിരിക്കെ അന്നേ അറേബ്യയിലെ പണ്ഡിതന്മാർ സമ്മതിച്ച കാര്യമാണിത്. അവരിൽ ഉന്നതരായ കവികളും ഉൾപ്പെടുന്നു. ഇസ്ലാമിന്റെ മഹാ

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്ലിം)***

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്ലിം)**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

ശത്രുക്കൾ ഇതിന്റെ ഉള്ളടക്കത്തിന്റെ ഉന്നതനി ല കണ്ട് അത്ഭുതപ്പെട്ടവരാണ്. അവരിൽ നിരവധി ആളുകൾ ഈ സംഗ്രഥനത്തിന്റെ മേന്മ വിധിക്കുന്നതിൽ അഗ്രഗണ്യന്മാരായിരുന്നു. അവർ നീതിമാന്മാരും ആയിരുന്നു. വിശുദ്ധ ഖുർആന്റെ സംഗ്രഥനം മനുഷ്യശക്തിക്കതീതമാണെന്ന് കണ്ടെത്തിയ അവർ അതൊരു മഹാത്ഭുതമായിക്കരുതി അതിൽ വിശ്വസിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ സത്യസാക്ഷ്യങ്ങൾ വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. വിശുദ്ധഖുർആന്റെ വാഗ്മിത്വത്തെ കുറിച്ച് അജ്ഞനായ ഈ ക്രിസ്ത്യാനി ചെറുത് വലുതിന്റെ മുമ്പിൽ വരണമെന്ന് ആവശ്യപ്പെടുന്നില്ല. ഉള്ളടക്കം യാഥാർത്ഥ്യത്തിന്റെ കണ്ണാടിയാവണമെന്ന സത്യമായ നിയമത്തെക്കുറിച്ചും അയാൾ ബോധവാനല്ല. ഇവിടെയും റഹീമിനു മുമ്പിൽ റഹ്മാൻ ആക്കിക്കൊണ്ട് ഈ സൂക്തം യാഥാർത്ഥ്യത്തിന്റെ കണ്ണാടിയാവുകയാണ്. ഒരു വിശദമായ വിവരണം ഈ പ്രകൃത്യായുള്ള ക്രമത്തെക്കുറിച്ച് സൂറഃഫാത്തിഹയുടെ മറ്റു സൂക്തങ്ങളെ സംബന്ധിച്ച് വിവരിക്കുമ്പോൾ അവതരിപ്പിക്കുന്നതാണ്. (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീഖസായിൻ, വാള്യം 1, പേജ് 414 - 435) അടിക്കുറിപ്പ് 11

### സൂറഃഫാതിഹയുടെ ആത്മീയ സവിശേഷതകൾ

സൂറഃഫാതിഹയുടെ ഒരു ആത്മീയ സവിശേഷതയെന്തെന്നാൽ, ഒരാൾ അത് തന്റെ പ്രാർത്ഥനകളിൽ പൂർണ്ണശ്രദ്ധയോടും അതിന്റെ അധ്യാപനം ഹൃദയത്തിൽ സ്ഥാപിച്ചുകൊണ്ടും അത് സത്യമാണെന്ന് വിശ്വസിച്ചുകൊണ്ട് പാരായണം ചെയ്താൽ അയാളുടെ ആത്മാവ് പ്രകാശമയമാകുന്നുവെന്നതാണ്. ഒരാളുടെ മനസ്സ് വിശാലമാകുന്നു. മാനുഷികതയുടെ അന്ധകാരം പുറന്തള്ളപ്പെടുന്നു. അനുഗ്രഹത്തിന്റെ ഉറവിടത്തിൽനിന്നുള്ള അനുഗ്രഹം ആരാധകന് അനുഭവപ്പെടാൻ തുടങ്ങുന്നു. ദൈവത്താൽ സ്വീകരിക്കപ്പെട്ടുകൊണ്ട് അയാൾ ദൈവികപ്രകാശത്താൽ വലയം ചെയ്യപ്പെടുന്നു. ദൈവഭാഷണത്താൽ ആദരിക്കപ്പെടുന്ന പുരോഗതിയിലേക്ക് നയിക്കപ്പെടുന്നു. അയാൾക്ക് സത്യസ്വപ്നങ്ങളും വെളിപാടുകളും ഉണ്ടാകുന്നു. ദൈവസാമീപ്യം സിദ്ധിച്ചവരുടെ കൂട്ടത്തിൽ അയാൾ എണ്ണപ്പെടുന്നു. മറ്റുള്ളവരിൽ കാണപ്പെടാത്ത തരത്തിലുള്ള പ്രചോദനവും ദുആ സ്വീകാര്യതയും ഗോപ്യമായ കാര്യങ്ങളുടെ വെളിപ്പെടലുകളും ദൈവികമായ പിന്തുണയും അയാൾക്കുണ്ടാകുന്നു.

ഇതിനെ നിഷേധിക്കുന്ന ശത്രുക്കൾക്കുള്ള തെളിവ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

### സത്യാന്വേഷകർക്കെല്ലാമുള്ള ക്ഷണം

ഈ വിനീതൻ സത്യാന്വേഷികളെ തൃപ്തിപ്പെടുത്താൻ തയ്യാറാണ്. നമ്മുടെ ശത്രുക്കൾക്കെന്നല്ല നാമമാത്രമായി നമ്മോടു യോജിക്കുകയും അവർ മുസ്‌ലിംകളായി പുറത്തുനില്ക്കുകയും ചെയ്യുന്നു. അവരുടെ വിശ്വാസത്തിന് ഒരു മറയുണ്ട്. അവർ ആത്മാവില്ലാത്ത ശരീരമാണ്. ഈ അന്ധകാരയുഗത്തിൽ അവർ ആകാശീയമായ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നില്ല. വെളിപാട് അസാധ്യമാണെന്ന് അവർ കരുതുന്നു. അത് മതിഭ്രമവും ഭാവനയുമാണെന്നവർ പറയുന്നു. അവർക്ക് മനുഷ്യപുരോഗതിയെക്കുറിച്ച് ഇടുങ്ങിയ ധാരണയാണുള്ളത്. അത് ബുദ്ധിപരമായ പ്രശ്നങ്ങളിലും ഊഹങ്ങളിലും കുടുങ്ങിക്കിടക്കുന്നു. സർവ്വശക്തനായ ദൈവത്തെക്കുറിച്ച് ശക്തിയില്ലാത്ത ദുർബലനായ ഒന്നാണെന്നാണ്. ഈ വിനീതൻ അവരോട് ബഹുമാനപൂർവ്വം അപേക്ഷിക്കുന്നു അവർ വിശുദ്ധഖുർആന്റെ ഫലപ്രാപ്തിയെ നിഷേധിക്കുകയാണെങ്കിൽ എന്നിട്ട് അവരുടെ പഴയ അജ്ഞതയിൽ ഒട്ടിനിൽക്കുകയാണെങ്കിൽ അവർ ഈ അവസരത്തിൽനിന്ന് മുതലെടുത്തുകൊള്ളുക. ഈ വിനീതൻ തന്റെ അനുഭവത്തിൽനിന്ന് അവരോരോരുത്തരെയും തൃപ്തിപ്പെടുത്താം. അതുകൊണ്ട് വളരെ അനുയോജ്യമായ കാര്യമെന്തെന്നാൽ സത്യാന്വേഷികൾ എന്റെയടുത്തു വരികയും ദൈവികവചനത്തിന്റെ സവിശേഷതകൾ (മേൽപറഞ്ഞ കാര്യങ്ങൾ) നിരീക്ഷിക്കുകയും അന്ധകാരത്തിൽനിന്ന് യഥാർത്ഥ പ്രകാശത്തിലേക്ക് വരേണ്ടതാണ്. ഇപ്പോൾ ഞാൻ ജീവിച്ചിരിക്കുന്നുണ്ട്. എന്നാൽ, ജീവിതം അനിശ്ചിതമാണ്. അതുകൊണ്ട് അനുയോജ്യമായതെന്തെന്നാൽ ഈ പ്രഖ്യാപനം കേട്ടാൽ സത്യം സ്ഥാപിക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കണം. വ്യാജം നീക്കുകയും വേണം. അതുമുഖേന എന്റെ അവകാശം സ്ഥാപിക്കപ്പെട്ടിട്ടില്ലെങ്കിൽ നിഷേധത്തിന് ഒരു കാരണമായിത്തീരും. എന്നാൽ, എന്റെ അവകാശവാദം സ്ഥാപിക്കപ്പെട്ടാൽ എന്റെ എതിരാളികൾ തങ്ങളുടെ വ്യാജാരോപണങ്ങൾ ഉപേക്ഷിക്കുകയും ഇസ്‌ലാം ആശ്ലേഷിക്കുകയും വേണം. അപമാനത്തിന്റെ നിന്ദ്യതയിൽനിന്ന് രക്ഷപ്പെടുകയും വേണം. ഈ ജീവിതത്തിലെ അപമാനത്തിൽനിന്ന് അവർ രക്ഷപ്പെടുകയും പരലോകശിക്ഷയിൽനിന്ന് രക്ഷപ്പെടുകയും വേണം. സഹോദരന്മാരേ, പ്രിയമുള്ളവരേ, തത്ത്വജ്ഞാനികളേ, പണ്ഡിതന്മാരേ, ക്രിസ്തീയപാതിരിമാരേ, ആര്യന്മാരേ പ്രകൃതിവാദികളേ, ബ്രഹ്മസമാജക്കാരേ, ഞാൻ തുറന്നു പ്രഖ്യാപിക്കുന്നു. ആരെങ്കിലും വിശുദ്ധഖുർആന്റെ ഞാൻ പറഞ്ഞ സവിശേഷതകൾ സംശയിക്കുകയും അവ സ്വീകരിക്കുവാൻ ശങ്കിക്കുകയുമാണെങ്കിൽ താമസംവിനാ അവരെന്നെ സമീപിക്കുകയും കുറച്ചുകാലം എന്നോടൊപ്പം കഴിയുകയും സ്ഥൈര്യത്തോടും ആത്മാർത്ഥതയും പുലർത്തുകയുമാണെങ്കിൽ എന്റെ പ്രസ്താവനകളുടെ കൃത്യതക്ക് സാക്ഷ്യം വഹിക്കാൻ സാധിക്കും. ഞാൻ വിടവാങ്ങിയശേഷം ആരെങ്കിലും അന്യായമായ രീതിയിൽ തങ്ങൾ ക്ഷണിക്കപ്പെട്ടില്ലെന്ന് പറഞ്ഞേക്കരുത്. അങ്ങനെ അവർ എന്റെ വാദങ്ങളെക്കുറിച്ച് അജ്ഞരായിരുന്നുവെന്നും അറിഞ്ഞിരുന്നുവെങ്കിൽ അതിനെ പിന്തുടരുകയും എന്നോടു തെളിവുകൾ ചോദിക്കാമായിരുന്നുവെന്നും പറഞ്ഞേക്കരുത്. അതിനാൽ സോദരരേ, സത്യാന്വേഷകരേ ഞാൻ തുറന്നുപറയുന്ന കാര്യം നിരീക്ഷിക്കുക. ദൈവത്തിൽ ഭരമേല്പിച്ചുകൊണ്ട്, അവന്റെ വെളിച്ചം ഞാൻ രാപകൽ കാണുന്നു, ഞാൻ ഉത്തരവാദിത്തം ഏറ്റെടുക്കുന്നു. നിങ്ങൾ ആത്മാർത്ഥതയോടെ സത്യം അന്വേഷിക്കുകയാണെങ്കിൽ സ്ഥിരചിത്തതയോടെ എന്റെ കൂടെ കഴിയുകയാണെങ്കിൽ സത്യവിശ്വാസത്തോടെ നില്ക്കുകയാണെങ്കിൽ ഞാൻ സത്യമായ രീതിയിൽ സൂറഃഫാതിഹയിൽ കാണിച്ച ആത്മീയഗുണങ്ങൾ നിങ്ങൾക്ക് വ്യക്തമാവും. തന്റെ ഹൃദയത്തെ മർക്കടമുഷ്ടിയിൽനിന്നും പകയിൽനിന്നും ശുദ്ധീകരിക്കുകയും ഇസ്‌ലാം സ്വീകരിക്കാൻ വെമ്പൽകൊള്ളുകയും ചെയ്യുന്ന ആൾ എത്രമാത്രം അനുഗൃഹീതനാണ്. എന്റെ ക്ഷണം ആത്മാർത്ഥമായി സ്വീകരിക്കുകയും ദൃഷ്ടിയിലുള്ള ഉദ്ദേശ്യം നേടുകയും ചെയ്താൽ എത്രമാത്രം സൗഭാഗ്യമായിരിക്കും. ഈ തുറന്ന ക്ഷണം ശ്രദ്ധിക്കാതിരിക്കുകയും മനഃപൂർവ്വം സർവ്വശക്തനായ ദൈവത്തിന്റെ ശാപ കോപങ്ങൾക്ക് വിധേയനാവുകയും ചെയ്യുന്നത് എത്രമാത്രം ദൗർഭാഗ്യമാണ്. മരണം ആസന്നമാണ്. ജീവിതാന്ത്യം പടിവാതിലിലാണ്. (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീഖസായിൻ, വാള്യം 1, പേജ് 620 - 635. അടിക്കുറിപ്പ് 11)

**(ദി റിവ്യൂ ഓഫ് റിലീജ്യൻസ്, ജനുവരി 2020)**

★★★★

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

*ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിക്കുകയും*
*നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

### ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.'*
*(ബുഖാരി, മുസ്‌ലിം)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

### ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Calicut (Kerala)

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly BADAR Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP- 44/2020-2022 Vol-5 Thursday 16 April 2020 Issue-16

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 ഒക്ടോബർ 29 തിങ്കളാഴ്ച:

പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛിക്കുന്നതുവരെ അത് നിലനില്ക്കും.

പിന്നീട് അതിനെ എടുത്തു കളയും. പിന്നീട് പരുക്കൻ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നതുവരെ അത് നിലനിൽക്കും. അതിനുശേഷം അത് എടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തു കളയും. അതിനു ശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇതു പറഞ്ഞു കൊണ്ട് നബി(സ)തിരുമേനി മൗനം അവലംബിച്ചു.'

ഈ ഹദീഥിന്റെ ഇംഗ്ലീഷ് തർജമ അസീസം ളാഫിര് അഹ്മദ് സമർപിച്ചു. വാഗ്ദത്തമസീഹിന്റെ ഗദ്യശകലം അസീസം മുനീബ് അഹ്മദ് കേൾപിച്ചു. അൽവസിയ്യത്ത് ഗ്രന്ഥത്തിൽ ആ മഹാത്മാവ് രേഖപ്പെടുത്തുന്നു:

........നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനിൽക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത്(ശക്തിപ്രഭാവം)വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു:'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും. അതുകൊണ്ട് ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻവേണ്ടി ഞാൻ നിങ്ങളിൽനിന്ന് വേർപ്പെട്ടുപോകുന്ന ദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറു പുലർത്തുന്നവനും വിശ്വസ്തനുമായ അല്ലഹു ആകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതുംതന്നെ നിങ്ങൾക്ക് കാണിച്ചു തരുന്നതാണ്.'

വീണ്ടും ഹുദൂർ(അ) പറഞ്ഞു:'ഞാൻ അല്ലാഹുവിൽ നിന്നുള്ള ഒരു ശക്തിപ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റു വ്യക്തികളും ഉണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ-ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും.'(അൽവസിയ്യത്ത്, റൂഹാനി ഖസാഇൻ വാള്യം 20, പേജ്-305, 306)

ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ അസീസം ഉസാമ അഹ്മദ് ഗുൽ കേൾപിച്ചു. അസീസം അഹ്മദ് സലാം ഉർദു പദ്യം ആലപിച്ചു. അസീസം ഹാരിഥ് ചൗദ്രി അതിന്റെ ഇംഗ്ലീഷ് തർജമയും കേൾപിച്ചു.

അസീസം ഈഖാൻ അഹ്മദും അസീസം സേറിക് അഹ്മദും ഖിലാഫത്തിന്റെ അനുഗ്രഹം എന്ന വിഷയത്തിൽ പ്രസംഗിച്ചു. തുടർന്ന് ചോദ്യോത്തര വേദിയായിരുന്നു.

ഒരു വാഖിഫെ നൗ: 'ഹുദൂർ ഈ അമേരിക്കൻ സന്ദർശനത്തിന്റെ ചുരുക്കം എന്താണ്?

**ഹുദൂർ:** 'ഈ സന്ദർശനം അവസാനിക്കുമ്പോൾ പറയാം.'

ഒരു വാഖിഫെ നൗ:'നമസ്കാരം ഖസ്റാക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്?'

**ഹുദൂർ:** 'ഖുർആന്റേയും ഹദീഥുകളുടേയും വെളിച്ചത്തിൽ നിങ്ങൾ യാത്രയിലായിരിക്കുമ്പോൾ, അപകടമുള്ള സാഹചര്യത്തിലായിരിക്കുമ്പോൾ നമസ്കാരം ഖസ്റാക്കാവുന്നതാണ്. ഹദീസുകളിൽ നിന്ന് സ്ഥാപിതമാകുന്നത് 14 ദിവസംവരെയുള്ള യാത്രകളിൽ അതായത് രണ്ടാഴ്ചവരെ ഖസ്റാക്കി നമസ്കരിക്കാം എന്നാണ്. നിങ്ങൾ എവിടെയെങ്കിലും രണ്ടാഴ്ചത്തേക്ക് തങ്ങുകയാണെങ്കിൽ നമസ്കാരം ഖസ്റാക്കാവുന്നതാണ്. എന്നാൽ, പ്രോഗ്രാം കൂടുതൽ തങ്ങാനുള്ളതാണെങ്കിൽ ഖസ്റാക്കാൻ പാടില്ല.

ഒരു വാഖിഫെ നൗ: 'അല്ലാഹുവിന് എല്ലാ വസ്തുക്കളും പെട്ടെന്ന് ഉണ്ടാക്കാൻ കഴിയുമെങ്കിൽ ആകാശ ഭൂമികൾ ഉണ്ടാക്കാൻ ഏഴ് ദിവസം എടുത്തതെന്തിന്?

**ഹുദൂർ:** 'ഇത് നമ്മുടെ ആറേഴ് ദിവസമല്ല. മറിച്ച് അല്ലാഹുവിന്റെ ദിനങ്ങളാണ്. യഥാർഥത്തിൽ ഇത് വിവിധ ഘട്ടങ്ങളാണ്. ഇത് ആലങ്കാരിക ഭാഷയാണ്. അല്ലാഹു എല്ലാ വസ്തുക്കളും പരിണാമ പ്രക്രിയയിലൂടെയാണ് സൃഷ്ടിച്ചത്. നിങ്ങൾ പരിണാമത്തെ കുറിച്ച് പഠിക്കുന്നുണ്ട്. അല്ലാഹു ഒന്നാം ദിവസംതന്നെ ബുദ്ധി തരാമായിരുന്നു. എന്നാൽ, ഇതിൽ തന്നെയായിരുന്നു അല്ലാഹുവിന്റെ യുക്തി. അതുപോലെ നിഷേധികൾ ചോദിച്ചിരുന്നു,'അല്ലാഹു എന്തുകൊണ്ട് ഒറ്റയടിക്ക് ഖുർആൻ ഇറക്കിയില്ല' എന്ന്. അല്ലാഹു അതിന് മറുപടി പറഞ്ഞത്, ഇതിലെ യുക്തി ഈ അധ്യാപനം നിങ്ങൾക്ക് താങ്ങാൻ കഴിയണം എന്നുള്ളതും ഓർത്തു വെക്കാൻ കഴിയണം എന്നുള്ളതുമാണ്. അപ്പോൾ മനുഷ്യന്റെ പരിണാമം ഘട്ടംഘട്ടമായിട്ടാണ് ഉണ്ടായത്. ഇതുപോലെ തന്നെയാണ് ലോകവും ഉണ്ടായത്. മുമ്പേ ജീവിതം ഉണ്ടായിരുന്നില്ല. വെള്ളത്തേക്കാളും തണുത്ത തീയുണ്ടായിരുന്നു. പിന്നീട് മറ്റൊരു പ്രവർത്തനം നടന്നു. ഈ വിവിധ കാലഘട്ടങ്ങളെ ദിനങ്ങളോട് ഉപമിച്ചിരിക്കുകയാണ്. ഇത് നമ്മുടെ ദിനങ്ങളല്ല. മറിച്ച് ആലങ്കാരിക ഭാഷ ഉപയോഗിച്ചിരിക്കുകയാണ്.'

ഒരു വാഖിഫെ നൗ: 'ഹുദൂർ ഖലീഫയായപ്പോൾ ഹുദൂറിന് അത് എങ്ങനെയാണ് അനുഭവപ്പെട്ടത്? എപ്പോൾ മുതലാണ് ഖലീഫയായത്?'

ഹുദൂർ ആ കുട്ടിയോട് പ്രായം ചോദിച്ചറിഞ്ഞു.11 വയസ്സെന്ന് ആ കുട്ടി അറിയിച്ചു.

**ഹുദൂർ:** 'മോൻ ജനിക്കുന്നതിന് നാലു വർഷം മുമ്പേ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. എന്തു തോന്നിയെന്ന ചോദ്യത്തിന്റെ മറുപടിയിൽ ഹുദൂർ പറഞ്ഞു, 'വളരെയധികം ഭാരം ഇടപ്പെട്ടതായി തോന്നി.'

ഒരു ഖാദിം വാഖിഫെ നൗ: എന്റെ വിവാഹം കഴിഞ്ഞ വർഷം നടന്നു. ഞങ്ങൾ നവദമ്പതികൾക്ക് എന്തെങ്കിലും ഉപദേശം നല്കിയാലും.

**ഹുദൂർ:** 'നിങ്ങളുടെ വിവാഹം അനുഗൃഹീതമായിരിക്കട്ടെ. ഉപദേശം ഇതാണ്. എല്ലാ മനുഷ്യരിലും ബലഹീനതകളുണ്ടാകും.ഒരു മനുഷ്യനും പൂർണനല്ല. ഭർത്താവുമല്ല, ഭാര്യയുമല്ല. ആൺകുട്ടിയുമല്ല, പെൺകുട്ടിയുമല്ല. അതുകൊണ്ട് പരസ്പരമുള്ള കുറവ് നോക്കുകയാണെങ്കിൽ സ്വന്തം നാവും കണ്ണുകളും അടച്ചു വെക്കുക. ഇതു മുഖേന വളരെ സുന്ദരമായി ജീവിതം മുന്നോട്ട് പോകും.'

ഒരു വാഖിഫെ നൗ: 'ഹുദൂർ കുട്ടിയായിരിക്കുമ്പോൾ വലുതായാൽ എന്താകണമെന്നാണ് വിചാരിച്ചത്?'

**ഹുദൂർ:** 'എന്റെ മനസ്സാഗ്രഹിച്ചത് എനിക്കാകാൻ കഴിഞ്ഞില്ല.'

ഒരു വാഖിഫെ നൗ: സ്വർണ പാത്രത്തിൽ ഭക്ഷണം കഴിക്കുന്നത് നിഷിദ്ധം എന്തുകൊണ്ടാണ്?

ഹുദൂർ: സ്വർണം പ്രകടനത്തിനുള്ള വസ്തുമാണ്. അല്ലാഹുവിന് പ്രദർശനപരതയ്ക്കുള്ള വസ്തുക്കൾ ഇഷ്ടമല്ല. ഒരു ഭാഗത്ത് നിങ്ങൾ സ്വർണപാത്രത്തിൽ ഭക്ഷണം കഴിക്കുമ്പോൾ പാവപ്പെട്ടവന് മൺ പാത്രത്തിൽപോലും ഭക്ഷണം കഴിക്കാൻ കിട്ടാറില്ല. ഒരു കാരണം ഇതാണ്. രണ്ടാമത്തേത് സ്വന്തം ധനത്തെ ഈ രൂപത്തിൽ പ്രകടിപ്പിക്കുന്നത് അല്ലാഹുവിന് ഇഷ്ടമല്ല. ഇന്ന് നമ്മുടെ മുസ്ലിം ചക്രവർത്തിമാർ ഇത്തരത്തിൽ പ്രകടിപ്പിക്കാറുണ്ട്. അല്ലാഹുവിന് പ്രദർശനപരത ഇഷ്ടമല്ല. അല്ലാഹു മിതത്വത്തെ ഇഷ്ടപ്പെടുന്നു. ഇതിനേക്കാൾ ഉത്തമമാണ് പാവപ്പെട്ടവർക്ക് പൈസയും മറ്റും കൊടുത്ത് ഉപകാരങ്ങൾ ചെയ്യുന്നത്. വിശപ്പുകൊണ്ട് ജനങ്ങൾ മരിച്ചു കൊണ്ടിരിക്കുന്നു. സുഡാനിൽ, സൊമാലിയായിൽ, യമനിൽ! അവർക്ക് അത് നല്കുക. ഈ വികാരം സൃഷ്ടിക്കാനാണിത്. ഒരു ഭാഗത്ത് സ്വർണത്തളികയിൽ ഭക്ഷിക്കുന്നവർ മറുഭാഗത്ത് വിശപ്പുകൊണ്ട് മരിച്ചു കൊണ്ടിരിക്കുന്നവർ. അല്ലാഹു മിതത്വം ഇഷ്ടപ്പെടുന്നു. അല്ലാഹു വാഗ്ദത്ത മസീഹിനോട് പറഞ്ഞു: 'നിന്റെ വിനീതമായ മാർഗങ്ങൾ എനിക്ക് ഇഷ്ടമായി!'

വിനയം അല്ലാഹുവിന് വളരെ ഇഷ്ടമാണ്. വാഗ്ദത്ത മസീഹ്(അ) സ്വന്തം ഒരു കവിതയിലും പറഞ്ഞിട്ടുണ്ട്. നിങ്ങൾ സ്വയം മറ്റുള്ളവരേക്കാൾ നിസാരരാണെന്ന് മനസ്സിലാക്കുക.നിങ്ങൾ സ്വർണത്തിന്റേയും വെള്ളിയുടേയും പാത്രങ്ങളിൽ ഭക്ഷണം കഴിച്ചാൽ നിങ്ങളുടെയുള്ളിൾ അഹംഭാവവും അഹങ്കാരവും ഉണ്ടാകും. അഹംഭാവം നല്ല കാര്യമല്ല. അല്ലാഹുവിൽ നിന്ന് അത് ദൂരത്താക്കുന്നു.'

ഒരു വാഖിഫെ നൗ: പ്രിയപ്പെട്ട ഹുസൂർ! എന്റേത് ചോദ്യമല്ല ഇത്. ഞാൻ ഹുദൂറിന് ഹൃദയാത്മനാ നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഹുദൂർ ഇത്രയധികം തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി ഞങ്ങളുടെയടുക്കലെത്തി. ഞങ്ങളോടൊപ്പം സമയം ചെലവഴിച്ചു.'

**ഹുദൂർ:** 'ജസാക്കുമുല്ലാഹ്. നിങ്ങളിവിടെ എപ്പോഴാണ് വന്നത്?

ഖാദിം: 15 വർഷമായി.

**ഹുദൂർ:** '15 വർഷം കൊണ്ട് താങ്കൾ സ്വയം ഉർദുവും ഉച്ചാരണവും നല്ലതാക്കി.'

ഈ വാഖിഫീനെ നൗ ക്ളാസ് 9.15 വരെ നീണ്ടു നിന്നു. അവസാനം ഹുദൂർ എല്ലാവർക്കും മുസ്വല്ല നല്കി. ശേഷം മഗ്‌രിബ്- ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാര ശേഷം താമസസ്ഥലത്തേക്ക് മടങ്ങി.(തുടരും)

*(ഉർദു ബദ്ർ, മാർച്ച് 14- ഏപ്രിൽ 4, 2019 )*

ബദർ വീക്കിലി ഖാദിയാൻ Weekly BADAR Qadian Malayalam
The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin